# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



മംഗളവാർത്ത

Vol. LXXIII December 2023 No. 12




**പാലാ രൂപത മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി**

**2023 നവംബർ 21 – 23**

# EPARCHY OF PALAI
## 2023-24



Dear............

With profound joy and immense gratitude to God, while acknowledging your share in leading us to the Holy Altar of the Lord, we together with our Bishop, Bishop Emeritus, cordially invite you to our Priestly Ordinations and Holy Qurbana in our respective parishes. Bless us by your prayer and presence on these gracious occasions.

With love and prayers,
Ordinandi

# Priestly Ordination & HOLY QURBANA



'I am the Good Shepherd' (Jn. 10:11)



**Dn. Thomas Madhurappucha**
26th December | 9:15 am
SS. Peter & Paul Forane Church
Elanji



**Dn. Joseph Valloothadathil**
26th December | 9:15 am
SS. Peter & Paul Forane Church
Elanji



**Dn. Mathew Panangattu**
27th December | 9:15 am
St. George Forane Church
Aruvithura



**Dn. John Manankal**
27th December | 2:15 pm
St. Joseph's Church
Kudakkachira



**Dn. James Andassery**
28th December | 9:15 am
Major Archiepiscopal Marth Mariam
Archdeacon Pilgrim Church, Kuravilangad



**Dn. Joseph poyyaniyil**
28th December | 9:15 am
Major Archiepiscopal Marth Mariam
Archdeacon Pilgrim Church, Kuravilangad



**Dn. Joseph Madathiparambil**
30th December | 9:15 am
St. Francis Xavier's Church
Neeloor



**Dn. Joseph Thayil**
31st December | 2:15 pm
St. Mary's Church, Elappally




**Dn. Sebastian Cheriparathu**
1st January | 9:15 am
Mar Sleeva Church, Kanjiramattom



**Dn. Thomas Kizhakkekara**
2nd January | 9:15 am
St. George Church, Velliamattom



**Dn. Thomas Pariyarathu**
2nd January | 9:15 am
St. George Church, Velliamatton



**Dn. Antony Nangaparambil**
3rd January | 9:15 am
St. Joseph's Church, Thidanadu



**Dn. Joseph Kanookunnel**
4th January | 9:15 am
St. Joseph's Church, Santhigiri



2023 നവംബർ 21 ന് പാലാ കത്തീഡ്രലിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ വേർപാടിന്റെ 37-ാം വാർഷികദിനത്തിൽ അഭിവന്ദ്യപിതാക്കന്മാർ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുന്നു.



സുവർണ്ണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന ബഹു. വൈദികർ
അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം.



അദിലാബാദ് മിഷൻ സന്ദർശനം

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**DECEMBER 2023**
**Vol. LXXIII No. 12**

# CONTENTS


ഇടയലേഖനം 77 .......... 919

സർക്കുലർ .......... 924

ദൈവാരാധനാനിർദേശങ്ങൾ .......... 928

അറിയിപ്പ് .......... 929

കച്ചേരിക്കാര്യം .......... 932

അറിയിപ്പുകൾ .......... 933

വാർത്തകൾ .......... 945

ആദരാഞ്ജലികൾ .......... 976

അഭിവന്ദ്യപിതാവിന്റെ ഡയറി .......... 979

ഇടയലേഖനം-77

# 41-ാമത് പാലാ രൂപത ബൈബിൾ കൺവെൻഷൻ

*ദാഹിക്കുന്നവർ എന്റെ അടുത്തുവന്നു കുടിക്കട്ടെ (യോഹ 7:37)*

*എന്നെ പാനം ചെയ്യുന്നവർ വീണ്ടും അഭിലഷിക്കും (പ്രഭാ 24:21)*

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്: നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ**

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എന്റെ അടുത്തു വന്നു കുടിക്കട്ടെ (യോഹ. 7:37). ഇസ്രായേൽക്കാർ ആണ്ടു വട്ടത്തിൽ ആചരിച്ചിരുന്ന പ്രധാന തിരുനാളുകളിലൊന്നായ കൂടാരത്തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ കർത്താവ് ജറുസലേം ദൈവാലയമധ്യേനിന്ന് ആഹ്വാനം ചെയ്തതാണ് ഈ തിരുവചനം. ഈശോ ഈ പറഞ്ഞതു തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കുന്ന റൂഹായെക്കുറിച്ചാണെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു (യോഹ. 7:39). വചനം മാംസം ധരിച്ചു മനുഷ്യരുടെയിടയിൽ കൂടാരമടിച്ചതാണ് മിശിഹായുടെ മനുഷ്യാവതാരം. അതിന്റെ ഓർമ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന മംഗളവാർത്താക്കാലവും പിറവിത്തിരുനാളും യഥാർത്ഥത്തിൽ ഒരു കൂടാര

ത്തിരുനാൾതന്നെയാണ്. ഈശോയുടെ ജനനത്തിരുനാളിന് ഒരുങ്ങുന്ന ഈ അവസരത്തിൽ, അവിടുന്ന് നമുക്കായി ഈ ആഹ്വാനം ആവർത്തിക്കുകയാണ്: ദാഹിക്കുന്നവർ എന്നിൽ നിന്നു പാനം ചെയ്യട്ടെ.

പരിശുദ്ധ റൂഹായുടെ ശക്തിയാലാണ് വചനം മാസം ധരിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തിൽ വചനം മാംസം ധരിച്ചത് പരിശുദ്ധ റൂഹായുടെ ആവാസത്താലാണ് (ലൂക്ക 1:35). വചനം പ്രഘോഷിക്കപ്പെട്ടതും പരിശുദ്ധ റൂഹായുടെ അഭിഷേകത്താലാണ് (ലൂക്ക 4-14:18). പരിശുദ്ധ റൂഹായുടെ സഹായത്തോടെ വചനത്തിന്റെ മേശയിൽനിന്നു പരിപോഷിപ്പിക്കപ്പെട്ടു നാം വളരണം. ബൈബിൾ ചരിത്രപരമായ ഒരു കാഴ്ചവസ്തുവല്ല; മറിച്ച്, നമുക്കു കർത്താവിന്റെ സ്വരം ശ്രവിക്കാനും ചരിത്രത്തിലെ അവിടത്തെ സാന്നിധ്യം അറിയാനും കഴിയുന്ന പരിശുദ്ധ റൂഹായുടെ പ്രവൃത്തിയാണെന്ന് ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിക്കുന്നു.

“ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്, ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്” എന്ന ഹെബ്രായലേഖകന്റെ വാക്കുകൾ (4:12-13) ഹൃദയത്തിൽ സൂക്ഷിക്കേണ്ടതാണ്. ദൈവത്തിന്റെ വചനത്തിനുനേരേ തുറന്നുവയ്ക്കപ്പെട്ടതും അതിനെ സ്വീകരിക്കുന്നതുമായ ഹൃദയമാണു നമുക്കു വേണ്ടത്. ഹൃദയങ്ങൾ സുവിശേഷത്തിനു തുറവുള്ളതാകുമ്പോൾ ലോകത്തിന്റെ മാനസാന്തരം ആരംഭിക്കുന്നു, മനുഷ്യകുലത്തിന്റെ നവീകരണവും. “അങ്ങയുടെ വചനത്തെപ്പറ്റി ധ്യാനിക്കാൻ രാത്രിയുടെ യാമങ്ങളിൽ ഞാൻ ഉണർന്നിരിക്കുന്നു” (സങ്കീ. 119:147) എന്നു പ്രഘോഷിക്കുന്ന സങ്കീർത്തകനെപ്പോലെ വചനത്തിനായി ദാഹിക്കാനും കാത്തിരിക്കാനും നമുക്കു സാധിക്കണം.

ഈശോയുടെ സ്വന്തമായിരിക്കുക എന്നതിന് അവിടന്ന് ആവശ്യപ്പെടുന്ന രണ്ടു വ്യവസ്ഥകൾ, ദൈവവചനം ശ്രവിക്കു

കയും അതു പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് (ലൂക്കാ 8:21). ഇസ്രായേലിനു മരുഭൂമിയിൽ മന്ന ലഭിച്ചിരുന്നുവെങ്കിലും തങ്ങളെ പരിപോഷിപ്പിച്ച യഥാർത്ഥ സ്വർഗീയ അപ്പം തോറായാണ് - ദൈവവചനമാണ് - എന്ന് യഹൂദചിന്തയിൽ വ്യക്തമായിരുന്നു. അതുകൊണ്ടാണ് സ്വർഗത്തിൽനിന്ന് ഇറങ്ങിയ യഥാർത്ഥ അപ്പം ഞാനാണ് (യോഹ. 6:51) എന്ന് ഈശോ വെളിപ്പെടുത്തിയത്. ദൈവവചനം ശരീരമെടുത്തതാണല്ലോ മിശിഹാ. അവിടത്തെ സമീപിക്കാനും ഭക്ഷിക്കാനും പാനംചെയ്യാനും നമുക്കു സാധിക്കണം. ദൈവകൃപാവരത്തിൽനിന്ന് - രക്ഷകനായ മിശിഹാ എന്ന പാറയിൽനിന്ന് നിർഗമിക്കുന്ന ജീവജലത്തിന്റെ വചനം നിരന്തരം കോരിയെടുക്കുവാൻ നാം ശ്രമിക്കണം.

നമുക്കു കാലിടറാതിരിക്കാൻ (സങ്കീ. 121:3) നമ്മുടെ പാതയിൽ പ്രകാശമാണ് കർത്താവിന്റെ വചനം (സങ്കീ. 119:105). വചനം പാരായണം ചെയ്യുന്നതിനും ശ്രവിക്കുന്നതിനും ധ്യാനിക്കുന്നതിനും അങ്ങനെ വചനം നമ്മിൽ മാംസം ധരിക്കുന്നതിനും ഏറ്റവും ശ്രദ്ധിക്കേണ്ട അവസരമാണ് മംഗളവാർത്താക്കാലവും പിറവിത്തിരുനാളിനുള്ള ഒരുക്കദിനങ്ങളും. അതിനാലാണ് എല്ലാ വർഷവും കേരളസഭ ഡിസംബർ മാസം വചനപാരായണമാസമായി ആചരിക്കുകയും ദൈവവചന പഠനത്തിനു കൂടുതൽ പ്രാധാന്യം നൽകുന്ന അവസരമായി കാണുകയും ചെയ്യുന്നത്. സവിശേഷമായി, നമ്മുടെ രൂപതയിൽ എല്ലാവർഷവും ദൈവവചനാനുഭവത്തിന്റെ വിശേഷ വിരുന്നായ ബൈബിൾ കൺവൻഷൻ നടത്തുന്നതും.

ഹൃദയവിശുദ്ധീകരണത്തിനും കുടുംബനവീകരണത്തിനും ദൈവ - മനുഷ്യബന്ധങ്ങളുടെ പുനർനിർമ്മിതിക്കും ആഹ്വാനം നൽകിക്കൊണ്ട് 41-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ സമാഗതമാവുകയാണ്. നമ്മുടെ രൂപതയുടെ ഏറ്റവും വലിയ ആത്മീയാഘോഷമാണ് അഞ്ചുദിവസങ്ങളിലായി നടക്കുന്ന ബൈബിൾ കൺവൻഷൻ. രൂപതയിലെ

ദൈവജനം ഒരുമിച്ചിരുന്നു ദൈവവചനം ശ്രവിച്ച്, പരിശുദ്ധാത്മാവിനാൽ പൂരിതരായി, കുമ്പസാരം, വിശുദ്ധ കുർബാന എന്നീ കൂദാശകളുടെ ഫലപ്രദമായ സ്വീകരണത്തിലൂടെ ജീവിതനവീകരണത്തിലേക്കു കടന്നുവരുന്ന അവസരമാണ് കൺവൻഷൻ ദിനങ്ങൾ. ജീവിതത്തിന്റെ എല്ലാത്തലങ്ങളിലും ആത്മീയ ഉണർവ്വിന്റെ അവസരമാകട്ടെ ഈ ബൈബിൾ കൺവൻഷനെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ വർഷവും പതിവുപോലെ ഡിസംബർ 19 ചൊവ്വാഴ്ചമുതൽ 23 ശനിയാഴ്ചവരെയാണ് പാലാ രൂപത 41-ാമത് ബൈബിൾ കൺവൻഷൻ നടക്കുന്നത്. പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന ബൈബിൾ കൺവൻഷൻ ഉച്ചതിരിഞ്ഞ് 3.30 മുതൽ 9.00 വരെയാണു ക്രമീകരിച്ചിരിക്കുന്നത്. കൺവൻഷനിൽ വിശുദ്ധ കുർബാനയും വചനപ്രഘോഷണവും ആരാധനയും ഉണ്ടായിരിക്കും. ഡിസംബർ 19 ചൊവ്വാഴ്ച വൈകുന്നേരം അഞ്ചുമണിക്കു കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വചനപ്രഘോഷണവും ആത്മീയശുശ്രൂഷകളും നയിക്കുന്നത് അണക്കര മരിയൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചനും അദ്ദേഹത്തോടൊപ്പമുള്ള ടീമംഗങ്ങളുമാണ്.

ഈ സഭാനവീകരണവർഷത്തിൽ പാലാ രൂപതയിലെ ദൈവജനത്തിനു മുഴുവനുംവേണ്ടി നടത്തുന്ന വചനപ്രഘോഷണമാണിത്. അതിനാൽ, ഇടവകാംഗങ്ങളെല്ലാവരും ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കുടുംബക്കൂട്ടായ്മാഭാരവാഹികളുടെയും ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ യഥാസമയം കൺവൻഷനിൽ പങ്കെടുക്കേണ്ടതാണ്. സ്വന്തമായി വാഹനമുള്ളവരെല്ലാം കൺവൻഷനിലേക്ക് ആളുകളെ കൊണ്ടുവരുന്നതിനായി അവ ഉപയോഗപ്പെടുത്തുമല്ലോ. ഓരോ ഇടവകയിൽനിന്നുമുള്ള യാത്രാസൗകര്യങ്ങളെക്കുറിച്ചു ബഹു. വികാരിയച്ചന്മാരും കമ്മറ്റിയംഗങ്ങളും തമ്മിൽ ആലോചിച്ച്

വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അതിനായി കമ്മിറ്റി അംഗങ്ങളുടെയും സംഘടനാഭാരവാഹികളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും യോഗം ഡിസംബർ ആദ്യ ആഴ്ചയിൽത്തന്നെ നടത്തേണ്ടതാണ്. കുടുംബക്കൂട്ടായ്മാഭാരവാഹികൾ എല്ലാ ഭവനങ്ങളും സന്ദർശിച്ചു കുടുംബാംഗങ്ങളെയെല്ലാം കൺവൻഷനിലേക്കു ക്ഷണിക്കണം. കൺവൻഷന്റെ അവസാന ദിനങ്ങളിൽ (വെള്ളി, ശനി) നമ്മുടെ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും സാന്നിധ്യം ഉറപ്പുവരുത്താൻ വിശ്വാസപരിശീലകരും മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കണം. കൺവൻഷൻ സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി ബാഗുകൾ ഒന്നും ഗ്രൗണ്ടിലേക്ക് കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആരുടെയെങ്കിലും കൈവശം ബാഗുകൾ ഉണ്ടെങ്കിൽ അവ വാഹനത്തിൽത്തന്നെ സൂക്ഷിക്കുമല്ലോ.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം ദൈവവചനത്തെ സ്വാഗതം ചെയ്യുന്നതിനും സ്വീകരിച്ച വചനത്തെ പ്രാവർത്തികമാക്കുന്നതിനും അനന്യസാധാരണമായ സിദ്ധിയുള്ളവളാണ്, നമുക്കു മാതൃകയുമാണ്. പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത തേടിക്കൊണ്ട് നമുക്കു ദൈവവചനത്തിനായി കാത്തിരിക്കാം, ഹൃദയമൊരുക്കാം.

രൂപതാ ബൈബിൾ കൺവെൻഷനിലേക്ക് ഒരിക്കൽക്കൂടി എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 26.11.2023

NB: ഈ ഇടയലേഖനം ഡിസംബർ 10-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും, വിശുദ്ധ കുർബാനയർപ്പണമുള്ള സന്ന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 1162/2023

**സർക്കുലർ**

## സീറോമലബാർ പ്രേഷിതവാരാചരണം 2024

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ

**മാർ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ദനഹാത്തിരുനാളായ ജനുവരി ആറാം തീയതിമുതലുള്ള ഒരാഴ്ചക്കാലം സീറോമലബാർസഭയിൽ പ്രേഷിതവാരമായി മുൻവർഷങ്ങളിലേതുപോലെ ആചരിക്കുകയാണ്. "മിഷനെ അറിയുക, മിഷനറിയാകുക" എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിതചൈതന്യം സഭാമക്കളിൽ വർധിപ്പിക്കുന്നതിനും നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിനു യോജിച്ച രീതിയിൽ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടിയാണു സീറോമലബാർസഭ പ്രേഷിതവാരം ആചരിക്കുന്നത്.

എമ്മാവൂസിലേക്കുപോയ ശിഷ്യരുടെ അനുഭവത്തെ ആസ്പദമാക്കി 'ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ' എന്ന ചിന്താവിഷയമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറാഴ്ചയ്ക്ക് ഫ്രാൻസിസ് മാർപാപ്പാ തിരഞ്ഞെടുത്തത്. ക്ഷീണിതരും ദുഃഖിതരും മ്ലാനവദനരുമായാണ് ആ രണ്ടു ശിഷ്യന്മാർ എമ്മാവൂസിലേക്കു പുറപ്പെട്ടതെങ്കിലും ഉത്ഥിതനായ കർത്താവ് അവരുടെ കൂടെനടക്കുകയും വചനം വ്യാഖ്യാനിക്കുകയും അപ്പം മുറിച്ചുനല്കുകയും ചെയ്തപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും അവിടത്തെ തിരിച്ചറിയുകയും ഉത്ഥിതനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ഉടൻതന്നെ ജറുസലേമിലേക്കു തിരികെപ്പോവുകയും ചെയ്തു (ലൂക്കാ 24:33). അന്നത്തെപ്പോലെതന്നെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരോടു ചേർന്നുനടക്കുന്നു. അവർ ലക്ഷ്യമില്ലാത്തവരും ഉത്സാഹം നഷ്ടപ്പെട്ടവരും തങ്ങൾക്കുചുറ്റും വലയം ചെയ്തുനില്ക്കുന്ന തിന്മയെ ഭയപ്പെടുന്ന

വരുമാകുമ്പോൾ ഈശോ അവരെ വചനത്താലും വി. കുർ ബാനയാലും ശക്തിപ്പെടുത്തുന്നു. യുദ്ധങ്ങളും പീഡനങ്ങളും മൂല്യശോഷണവും ഭൗതികവാദവും ആധിപത്യം പുലർത്തുന്ന സമൂഹത്തിൽ പ്രത്യാശയുള്ള പ്രേഷിതരാകാനാണു നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. 'സുവിശേഷത്തിന്റെ സന്തോഷം' എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ പറയു ന്നതുപോലെ, ഇത്തരം സാഹചര്യങ്ങളിൽ പ്രത്യാശ നഷ്ടപ്പെട്ട വരാകാതിരിക്കാൻ ഇന്നത്തെ പ്രേഷിതർ ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു യഥാർത്ഥ ശിഷ്യൻ എപ്പോഴും ഗുരുവിന്റെ ഉപദേശ ങ്ങൾ അനുസരിച്ചു സ്വന്തം ജീവിതത്തെ ക്രമപ്പെടുത്തുകയും ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ ശിഷ്യഗണ ത്തിലേക്കു മറ്റുള്ളവരെ ആകർഷിക്കുകയും ചെയ്യുന്നു. സുവി ശേഷാനുസൃതമായ ജീവിതത്തിലൂടെ മറ്റുള്ളവരെ ഈശോ യിലേക്കും സഭയിലേക്കും നയിക്കുന്നവരാകണം ക്രൈസ്ത വർ. ഇപ്രകാരം ചെയ്യുന്നവരെയാണു തിരുസ്സഭ 'പ്രേഷിതർ' എന്നു വിളിക്കുന്നത്. മാമോദീസ സ്വീകരിച്ച ഓരോ ക്രൈസ്ത വനും പ്രേഷിതനാണ്. പ്രേഷിതദൗത്യം മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയുംമാത്രം കടമയായി കരു തപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ, ഇന്ന് അനേകം അല്മായസഹോദരങ്ങൾ സുവിശേഷപ്രഘോഷണശുശ്രൂഷ യിലും ഈശോയുടെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യം നല്കുന്ന പ്രവർത്തനങ്ങളിലും തീക്ഷ്ണതയോടെ ഏർപ്പെടുന്നുണ്ട്. സഭാസംവിധാനങ്ങളോടു ചേർന്നുനിന്നു കൊണ്ട് അല്മായർ നടത്തുന്ന ഈ പ്രേഷിതമുന്നേറ്റം ഈ കാലഘട്ടത്തിലെ വലിയ അനുഗ്രഹവും ശക്തമായ വിശ്വാസ സാക്ഷ്യവുമാണ്.

സുവിശേഷപ്രഘോഷണത്തിനും സാക്ഷ്യത്തിനും നമ്മെ പ്രേരിപ്പിക്കുന്നതു ദൈവാത്മാവാണ്. ആത്മാവ് ഇഷ്ടമുള്ളിടത്തു തന്റെ ചൈതന്യം വർഷിക്കുന്നു. ആത്മാവിന്റെ പ്രചോദനമ നുസരിച്ചു തീക്ഷ്ണമതികളായ വ്യക്തികൾ തങ്ങളുടെ ജീവി തത്തെ പ്രേഷിതദൗത്യത്തിനായി സമർപ്പിക്കുന്നു. ഓരോരു ത്തരും തങ്ങൾക്കു ലഭിക്കുന്ന ദാനങ്ങളും വരങ്ങളും അനു സരിച്ച് ഈ പ്രേഷിതദൗത്യം നിറവേറ്റുന്നു. എല്ലാ വിശ്വാസി

കളും ഒത്തൊരുമിച്ചു കൂട്ടായ്മയോടെ ഈ ദൗത്യം നിർവഹിക്കുമ്പോൾ സഭയുടെ പ്രേഷിതദൗത്യം കൂടുതൽ ഫലപ്രദമായിത്തീരുന്നു. ഈശോയുമായുള്ള വ്യക്തിപരമായ ബന്ധവും അവിടത്തെ സുവിശേഷത്തോടുള്ള പ്രതിബദ്ധതയും വി. പൗലോസ്ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി. 9:16). ശ്ലീഹായുടെ ഈ നിർബന്ധബുദ്ധി നമുക്കുമുണ്ടാകണം. തന്റെ ലേഖനത്തിൽ ശ്ലീഹാ നടത്തുന്ന ഈ ആഹ്വാനം നമുക്കും സർവാത്മനാ സ്വീകരിക്കാൻ സാധിക്കണം: 'വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗ്രതയോടെ വർത്തിക്കുക' (2 തിമോ. 4:2).

ഇക്കഴിഞ്ഞ ഒക്ടോബർ മാസം, സിനഡാത്മകതയെക്കുറിച്ചു റോമിൽനടന്ന മെത്രാൻസിനഡിന്റെ ഒന്നാം സമ്മേളനം ചിന്തിച്ചതും പങ്കുവച്ചതും കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം എന്നിവയെക്കുറിച്ചായിരുന്നു. സഭയുടെ കൂട്ടായ്മ പ്രേഷിതദൗത്യത്തിനുവേണ്ടിയാണെന്നും ഈ പ്രേഷിതദൗത്യം സഭാംഗങ്ങളെല്ലാവരും പങ്കാളിത്തസ്വഭാവത്തോടെ നിർവഹിക്കണമെന്നതുമാണ് സിനഡ് നമ്മുടെ ചിന്തയ്ക്കും പ്രാർഥനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി നിർദേശിച്ചിരിക്കുന്നത്. ഈ ദൗത്യനിർവഹണത്തിൽ ക്രൈസ്തവരെല്ലാവരും തങ്ങളുടെ പ്രത്യേക വിളികളുടെ സവിശേഷവരങ്ങളും പരിശുദ്ധാത്മാവു നൽകുന്ന ദാനങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടു ജീവിക്കേണ്ടിയിരിക്കുന്നു. ഒന്നിച്ചു ചിന്തിക്കാനും ഒന്നിച്ചു നടക്കാനും ഒന്നിച്ചു പ്രവർത്തിക്കാനും നാം അഭ്യസിക്കണം. ഭിന്നിച്ചു കലഹിച്ചു ചിതറിപ്പോകേണ്ടവരല്ല ക്രൈസ്തവർ. സ്നേഹത്തിന്റെ കൂട്ടായ്മയിൽ മിശിഹായുടെ സുവിശേഷത്തിനും ജീവിതത്തിനും നാം സാക്ഷ്യം വഹിക്കണം.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ മാതൃകയനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തനങ്ങളിലൂടെ അവിടത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനം നല്കട്ടെ. ലോകം മുഴുവനിലുമുള്ള

എല്ലാ പ്രേഷിതർക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്നവിധത്തിലെല്ലാം സഹായിക്കാം. മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും പങ്കുചേരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിക്കരുതുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻ വാരാചരണം അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവൽക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നും അഭ്യർഥിക്കുന്നു. 'യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്താ. 28:20) എന്ന ഈശോയുടെ വാഗ്ദാനം പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്കു പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

സമാഗതമാകുന്ന പുതുവർഷത്തിന്റെ മംഗളങ്ങൾ എല്ലാവർക്കും സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023 നവംബർ 24-ാം തീയതി നൽകപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

1. ഈ സർക്കുലർ 2023 ഡിസംബർ മുപ്പത്തൊന്നാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2024 ഫെബ്രുവരി 20 നു മുമ്പായി എത്തിക്കേണ്ടതാണ്.

**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

25.11.2023

***2023 ഡിസംബർ 3-ാം തീയതി ഞായറാഴ്ച പുതിയ ദൈവാരാധന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ദൈവാരാധനയുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ നൽകുകയാണ്.***

1. 2023 ഡിസംബർ 2-ാം തീയതി ശനിയാഴ്ച വൈകുന്നേരത്തെ റംശായോടെ മംഗളവാർത്തക്കാലം ആരംഭിക്കുന്നു.
2. പിറവിത്തിരുനാളിനൊരുക്കമായുള്ള 25 നോമ്പ് ഡിസംബർ 1-ാം തീയതി വെള്ളിയാഴ്ച ആരംഭിക്കും.
3. മംഗളവാർത്തക്കാലം ആരംഭിക്കുന്ന ദിവസം മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രണ്ടാമത്തെ കൂദാശക്രമത്തിൽ (മാർ തെയദോറിന്റെ ക്രമം) ആണ് പരിശുദ്ധ കുർബാന അർപ്പിക്കേണ്ടത്.
4. ആരാധനവത്സരത്തിലെ അഞ്ച് ദിവസങ്ങളിൽ മൂന്നാമത്തെ കൂദാശ ക്രമം (മാർ നെസ്തോറിയോസിന്റെ ക്രമം) ഉപയോഗിക്കണം. ദനഹാത്തിരുനാൾ, മൂന്നു നോമ്പിന്റെ ബുധനാഴ്ച, മാർ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ വെള്ളി, പെസഹാ വ്യാഴം എന്നിവയാണ് ആ ദിവസങ്ങൾ.
5. മംഗളവാർത്ത ഒന്നാം ഞായർ മുതലുള്ള ആരാധന വർഷത്തിൽ 2-ാം സെറ്റ് വായനകളാണ് ദൈവാരാധനയിൽ ഉപയോഗിക്കേണ്ടത്. 2-ാം ഗണം വായനകളുടെ പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ സുവിശേഷഗ്രന്ഥത്തിൽനിന്നും ലേഖനഗ്രന്ഥത്തിൽനിന്നും പുതിയനിയമവും സമ്പൂർണ്ണബൈബിളിൽനിന്ന് പഴയനിയമത്തിലെ രണ്ട് വായനകളും തിരഞ്ഞെടുക്കേണ്ടതാണ്.

BISHOP JOSEPH KALLARANGATT
EPARCHY OF PALAI

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

# അറിയിപ്പ്

ബഹു. അച്ചന്മാരേ,

പാലാ സെന്റ് ജോസഫ് എൻജിനീയറിങ് കോളജിൽ നിന്ന് സ്നേഹാന്വേഷണങ്ങൾ

2002 ൽ ആരംഭിച്ച നമ്മുടെ എഞ്ചിനീയറിങ് കോളേജ് ഉന്നത സാങ്കേതികവിദ്യാഭാസരംഗത്ത് ഒരു പുത്തൻ കാൽ വയ്പുകൂടി നടത്തുകയാണെന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

അഖിലേന്ത്യാ സാങ്കേതികവിദ്യാഭ്യാസ സമിതി (AICTE) നടപ്പാക്കിയ 'തൊഴിലിനൊപ്പം എഞ്ചിനീയറിങ് പഠനം' എന്ന പദ്ധതിക്ക് പാലാ സെന്റ് ജോസഫ് എഞ്ചിനീയറിങ് കോളേജിന് കേരള സാങ്കേതികസർവകലാശാലയുടെ അംഗീകാരം ലഭിച്ചിരിക്കുകയാണ്. ഈ അംഗീകാരം ലഭിച്ച കേരളത്തിലെ ഏഴു കോളേജുകളിൽ ഒന്നാണ് നമ്മുടെ എഞ്ചിനീയറിങ് കോളേജ്. ബി.ടെക്ക്, എം.ടെക്ക് എന്നീ രണ്ടു വിഭാഗങ്ങളിലും നമ്മുടെ കോളേജ് അംഗീകാരം നേടി. ബി. ടെക്കിൽ കംപ്യൂട്ടർ സയൻസ് എഞ്ചിനീയറിങ്ങിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റ സയൻസിനും 30 സീറ്റുകൾ വീതമാണ് അനുവദിച്ചിരിക്കുന്നത്. എം.ടെക്കിൽ കംപ്യൂട്ടർ സയൻസ് എഞ്ചിനീയറിങ്ങിനും സ്ട്രക്ചറൽ എഞ്ചിനീയറിങ് & കൺസ്ട്രക്ഷൻ മാനേജ്മെന്റിനും, VLSI എംബെഡ്ഡിങ് സിസ്റ്റംസിനും 15 സീറ്റുകൾ വീതമാണ് അനുവദിച്ചത്. ഇതനുസരിച്ച് ഏതെങ്കിലും രജിസ്റ്റേർഡ് ഇൻഡസ്ട്രി, സംസ്ഥാന/കേന്ദ്ര ഓർഗനൈസേഷൻ, പ്രൈവറ്റ് / പബ്ലിക് ലിമിറ്റഡ് കമ്പനികൾ, എം.എസ്.എം.ഇ എന്നിവിടങ്ങളിൽ ഒരു വർഷമായെങ്കിലും ഫുൾ ടൈം ജോലി ചെയ്യുന്ന ആർക്കും അഡ്മിഷൻ തേടാൻ വഴിയൊരുങ്ങി. ഉയർന്ന പ്രായപരിധി ഇല്ലാത്തതിനാൽ ആർക്കും സാങ്കേതികവിദ്യാഭ്യാസം ലഭിക്കുമെന്ന സ്വപ്നമാണ് ഇതുവഴി യാഥാർഥ്യമാക്കുവാൻ കഴിയുക. എഞ്ചിനീയറിങ്, ഡിപ്ലോമ,

കണക്ക് ഒരു വിഷയമായി പ്ലസ്റ്റു പാസായ ബി.എസ്.സി. ഡിഗ്രി, ഡി.വോക്ക് എന്നീ വിദ്യാഭ്യാസയോഗ്യതകളുള്ളവർക്ക് ബിടെക്കിന് അപേക്ഷിക്കാം. 45% മാർക്ക് ലഭിച്ച ജനറൽ വിഭാഗ ക്കാരും 40% മാർക്ക് ലഭിച്ച സംവരണവിഭാഗക്കാരും അഡ്മി ഷന് യോഗ്യരാണ്. ഈ വർഷം (2023–24) അഡ്മിഷൻ ലഭി ക്കാൻ ആഗ്രഹിക്കുന്ന നമ്മുടെ ഇടവകാംഗങ്ങൾ കോളേജി ലേക്ക് നേരിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഈ മാസം 30 ആണ് അഡ്മിഷനുപേക്ഷിക്കേണ്ട അവസാനതീയതി.

വിശദവിവരങ്ങൾക്ക് sjcetpalai.ac.in

8078 700 700, 8078 700 701

ഏവർക്കും ആശംസകൾ.....

**ഫാ. ജോസഫ് മലേപ്പറമ്പിൽ**

ചെയർമാൻ

# അറിയിപ്പുകൾ

## വൈദികസമ്മേളനം & ADCP ജനറൽ ബോഡി മീറ്റിംഗ്

നമ്മുടെ രൂപതയിലെ വൈദികരുടെ സമ്മേളനം (പ്രസ്ബിത്തേരിയം) ഡിസംബർ 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നു. തുടർന്ന് ADCP ജനറൽ ബോഡി മീറ്റിങ്ങും ഉണ്ടായിരിക്കും.

## പാലാ രൂപത കലണ്ടർ 2024

പ്രിയ ബഹു. വികാരിയച്ചാ,

പാലാ രൂപത 2024 കലണ്ടർ എല്ലാ വീടുകളിലും ഇടവകപരിധിയിലുള്ള സഭാസ്ഥാപനങ്ങളിലും എത്തിക്കാൻ കുടുംബക്കൂട്ടായ്മയുടെയോ മറ്റു സാധിക്കുന്ന സംവിധാനങ്ങളുടെയോ സഹായത്താൽ ക്രമീകരണങ്ങൾ ചെയ്തു സഹകരിക്കുമല്ലോ. മംഗളവാർത്തക്കാലം ഒന്നാം ഞായർമുതൽ ഉപയോഗിക്കാവുന്ന വിധത്തിലാണ് കലണ്ടർ രൂപകല്പന ചെയ്തിരിക്കുന്നത് എന്ന വിവരം വിശ്വാസികളെ അറിയിക്കുമല്ലോ. കലണ്ടർ ഒന്നിന് 30 രൂപ നിരക്കിൽ ആളുകളിൽനിന്നു വാങ്ങിയോ മറ്റേതെങ്കിലും വിധത്തിൽ ഏർപ്പാടുചെയ്തോ പാലാ സെന്റ് തോമസ് പ്രസ് ഓഫീസിൽ താമസിക്കാതെതന്നെ (2024 ജനുവരി 15 നകം) ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

പാലാ ദൂത് എഡിറ്റോറിയൽ ബോർഡ്

വിവരങ്ങൾ എന്തെങ്കിലും അറിയിക്കാനോ സംശയങ്ങൾക്കോ ബന്ധപ്പെടുക. - സെക്രട്ടറി, 9496542361

പാലാ,

28.11.2023

## കുടുംബസഹായനിധി

1. കുടുംബസഹായനിധിയുടെ കവറുകൾ 2023 ഡിസംബർ 10-ാം തീയതിമുതൽ ബിഷപ്സ് ഹൗസിൽനിന്നു ലഭിക്കുന്നതാണ്.
2. കുടുംബസഹായനിധി 2024 ജനുവരി 15 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## ബൈബിൾ ഞായർ കളക്ഷൻ

ഡിസംബർ 17 ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ ബൈബിൾഞായർ പിരിവു നടത്തി പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 15 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## സബർമതി മിഷൻ കളക്ഷൻ

2022 നവംബർ 26 ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ സബർമതിമിഷനുവേണ്ടി സംഭാവനാശേഖരണം നടത്തിയിരുന്നല്ലോ (സർക്കുലർ 322). സംഭാവനയും സ്പോൺസർഷിപ്പും ഡിസംബർ 15-ാം തീയതിക്കകം 'Thoma Marg Religious Trust' എന്ന വിലാസത്തിൽ ചെക്ക് എഴുതി നമ്മുടെ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

## Transfers & Appointments (November 2023)

| | Name | |
|---|---|---|
| 1 | Vellachalil Kuriakose | Bursar, Alphonsa College, Palai |
| 2 | Porunnolil James | Relieved, Director, Madhyavirudha Samithi |
| 3 | Vellamaruthumkal Jacob | Director, Madhyavirudha Samithi |
| 4 | Mattam John | Vicar, Mutholapuram |
| 5 | Pathickelputhenpurayil Kuriakose | Vicar, Valavoor |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | മറിയാമ്മ പാലക്കാട്ടുമല | 15,000 | |
| 2 | രജനി ജോസ്, മുട്ടുചിറ | 40,000 | |
| 3 | ജോൺ ജോസഫ്, മുട്ടുചിറ | 40,000 | |
| 4 | ജോയ്, മുട്ടുചിറ | 40,000 | |
| 5 | ജിമ്മി, മുട്ടുചിറ | 40,000 | |
| 6 | മത്തായി എം.വി. കാക്കൂർ | 25,000 | |
| 7 | എൽസമ്മ മാത്യു, പിഴക് | 50,000 | |
| 8 | മനു ജേക്കബ്, വെള്ളികുളം | 30,000 | |
| 9 | ഷിബു, ചീങ്കല്ലേൽ | 10,000 | |
| 10 | തങ്കമ്മ കെ.എം., വലവൂർ | 25,000 | |
| 11 | തങ്കമ്മ പി.എൻ., വലവൂർ | 25,000 | |
| 12 | റീന ജോഷി, പാലാ C/o CMC | | 10,000 |
| 13 | കണ്ണൻ റ്റി.കെ. കുറവിലങ്ങാട് C/o CMC | | 20,000 |
| 14 | സജി ജോർജ്, മണ്ണാറപ്പാറ C/o CMC | | 20,000 |
| 15 | ചന്ദ്രമതി, പാലാ C/o CMC | | 10,000 |
| 16 | സാജൻ മാത്യു കൊടുപിടി C/o CMC | | 1,00,000 |
| | **Special Project** | | |
| 17 | ബിജി ജോസഫ്, ഉദയഗിരി | 4,00,000 | |
| 18 | നന്ദു കിഷോർ ബാബു, വിളക്കുമാടം | 2,00,000 | |
| 19 | മേരി സേവ്യർ, വലവൂർ | 4,00,000 | |
| 20 | ജിഷ ഷാജി, ഭരണങ്ങാനം | 4,00,000 | |
| 21 | ജോണിക്കുട്ടി പി.ജെ., തിടനാട് | 4,00,000 | |
| 22 | അനീഷ് സെബാസ്റ്റ്യൻ, ളാലം ഓൾഡ് | 4,00,000 | |
| 23 | ജോൺ റ്റി.പി. തോടനാൽ | 4,00,000 | |
| 24 | രാജൻ ഇലഞ്ഞി | 4,00,000 | |
| 25 | ദീപാ സൈമൺ, തിരുമാറാടി | 4,00,000 | |
| 26 | ആനി ജോസ്, ഇലഞ്ഞി | 4,00,000 | |
| 27 | കെ.എൻ. കുട്ടപ്പൻ, കുറവിലങ്ങാട് | 4,00,000 | |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

## ബൈബിൾ കൺവെൻഷൻ കുമ്പസാരം

ബൈബിൾ കൺവെൻഷൻ ദിവസങ്ങളിലെ കുമ്പസാരം അരുണാപുരം പള്ളിയുടെ ഓഡിറ്റോറിയത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരുടെ പേരും സമയവിവരവും താഴെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ കൃത്യസമയത്തുതന്നെ വന്ന് സദയം സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28.11.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

December 20 Wednesday
Evening Session 3.00 - 4.30

| | |
|---|---|
| Alanickal Joseph | Ayallukunnel Thomas |
| Alapattukottayil Sebastian | Brahmanavelil Thomas |
| Alapattumedayil Mathew | Chakkalackal Joseph |
| Alencheril Joseph | Chamakalayil Sebastian |
| Ambattu Joseph | Chandrankunnel Mathew (Jr) |
| Ambazhathinal George | Chathankunnel George |
| Ammanathukunnel Joseph | Chavelil John |
| Ammottukunnel Mathew | Cheenothuparampil Joseph |
| Ampazhathumkal George | Cheeramkuzhy George |
| Ampazhathumkal Mathew | Cheeramkuzhy Michael |
| Anithanam Kurian | Chengazhacheril Joseph |
| Arackal Joseph | Chennattu Mathew |
| Arackaparampil Mathew | Cherukarakunnel Joseph |
| Aranjani Puthenpura Augustine | Chillackal Thomas |
| Aranjani Puthenpura Joseph | Chollanal George |
| Attangattil Joseph | Choorackal Joseph |
| Attappatt Zacharias | Choorakkatt George (Jr) |
| Attuchalil Joseph | Chovelikudiyil James |

December 20 Wednesday
Evening Session 4.30-6.00

Edathinal Francis
Edathumparampil Joseph
Ennackappallil Mathew
Eruppakkattu Philip
Eruvelikunnel Antony
Ettumanukaran Alvin
Ettuparayil Sebastian
Ezhuparayil Joseph
Illimoottil Joseph
Illimoottil Thomas
Kachiramattam Augustine
Kadalikattil Mathew
Kadankavil Mathew
Kadaplackal Sebastian
Kadhaliyil Joseph
Kadookunnel Mathew
Kakkallil Jose
Kakkaniyil Abraham
Kalachirayil Thomas
Kalappurackal Joseph
Kalayil Kurian
Kalayil Mathew
Kallarackal Martin
Kandathikudilil Augustine
Kaniampadickal Sebastian
Kaniampady Mathew
Kaniyodickal Joseph
Kanjirathinkal Emmanuel
Kannanthanam John
Kappil Joseph
Kappiliparampil Kuriakose
Karamvely George
Karikulam Joseph
Karottukizhakkel Thomas
Kattipaarampil Thomas
Kavalammackal Mathew

December 21 Thursday
Evening Session 3.00 - 4.30

Kavanadimalayil Mathew
Kavumpurathu George
Keeranchira Jose
Kizhake Aranjaniyil George
Kizhakearanjaniyil Mathew
Kizhakkel Thomas
Kizhakkeparampil Michael
Kochayyankanal James
Kochodackal Thomas
Kochukaippettiyil Cyriac
Kochumuriyil Joseph
Kollamparambil Devasia
Kollithanathumalayil Abraham
Kolliyil Antony
Koonanickal Joseph
Koottiyaniyil Augustine
Koramkuzha Mathew
Kottarathil Emmanuel
Kottarathil George
Kottayil Joseph
Kottayil Kurian
Kottukappally Lukose
Kozhuppankutty Mani
Kudilil James
Kulamakkal Abraham
Kulangara Philip
Kumbulumkal Mathew
Kumbulumoottil Sebastian
Kunnackattu Cherian (Biju)
Kunnackattu Cherian (Joby)
Kunnappallil Jose
Kunnumpuram Berchmans
Kunnumpurath Paul
Kurumuttath Joseph
Kuruppasseriyil Joseph
Kuruvachira Joanny

December 21 Thursday
Evening Session 4.30 - 6.00

| | |
|---|---|
| Kuttarapallil John | Mannanal Joseph |
| Kuttiankal Joseph | Mannoor Thomas |
| Kuttikatt Thomas | Mannukuzhumpil George |
| Kuttiyanickal Mathew | Maprakarottu Sebastian |
| Kuzhimullil Abraham | Mathilakath Mathew |
| Kuzhinjalil Jose | Mattam John |
| Kuzhivelithadathil Joseph | Mattamundayil John |
| Madathikunnel Joseph | Mecheril Augustine |
| Madathiparampil Thomas | Mecheril Joseph |
| Madukavil George | Menachery Thomas |
| Malamackal Scaria | Menamparampil Scaria |
| Malayilputhenpura Thomas | Meyickel Joseph |
| Maleparampil Joseph | Modiyil Scaria |
| Mamalasseril Tom Jose | Mookkenthottathil Joseph |
| Mampallikunnel Sebastian | Moolayil Cherian |
| Manarkattu Joseph | Moolechalil George |
| Mangalath James | Moolechalil Thomas |
| Manianchira Joseph | Moongamakel Vincent |

December 22 Friday
Evening Session 3.00 - 4.30

| | |
|---|---|
| Mukaleparambil Joseph | Njarakunnel George Varghese |
| Mulanjanal Joseph | Njaralakkatt Antony |
| Mundackal Joseph | Njavally Thomas |
| Muthanattu Joseph | Olayathil Thomas |
| Muthuplackal Mathew | Olickal Alexander |
| Mylapparampil Joseph | Olickalputhenpura Thomas |
| Naduthadam John | Oravachalil George |
| Naduviledam Paul | Ouseparampil Michael |
| Naduvilekoot Ignatius | Ozhukayil George |
| Naduvilekoot Michael | Padickakuzhippil Sebastian |
| Narikkatt Michael | Paikada Alexander |
| Narithookil Kuriakose | Pakkarampel John |
| Nellickatheruvil Jose | Palackaparambil Augustine |
| Nellikunnucherivupurayidom George | Palackathadathil Abraham |
| Njarakkattil Joseph | Palithottam John |

| | |
|---|---|
| Pallackal Joseph | Pandaraparambil Jacob |
| Panachickal Karottu James | Pandiamackal Joseph (Jr) |
| Panackakuzhiyil Thomas | Pandiamackal Joseph (Sr) |
| Panampuzha Joseph | Panthalanickal Christy |
| Pandarakappil Alex | Panthalanickal Mathew |

December 22 Friday
Evening Session 4.30 - 6.00

| | |
|---|---|
| Panthiruvelil Martin | Peringamalayil Issac |
| Panthiruvelil Mathew | Periyappurathu Abraham |
| Parackal Paul | Plathottam Thomas |
| Parampithadathil George | Polachirakunnumpuram George |
| Paraplackal Augustine | Polakatt Kurian |
| Parathotty Mathew | Ponnamvarickayil George |
| Paravummel Joseph | Poovathumkal Jose |
| Parekkattu Emmanuel | Porunnolil James |
| Parekunnel George | Potheettel John |
| Pariath Joseph (Sr) | Pottakulam Jacob |
| Pariyappanal Johnson | Pulickaparambil Mathew |
| Paruthiparayil Thomas | Pulinthanathu Kuriakose |
| Pathickelputhenpurayil Kuriakose | Puliurumbil James |
| Pattery Thomas | Pulleettu Johnson |
| Pazheparampil George | Pullukalayil George |
| Pazheparampil Sebastian | Pullukalayil Mathew |
| Peedikamalayil Augustine | Punnathanathukunnel Mathew |
| Peedikayil Mathew | Purakkattuputhenpura John |
| Pendanam Sebastian | Purayidathil Joseph |
| Periappuram Emmanuel | Puthettu Cyriac |

December 23 Saturday
Evening Session 3.00 - 4.30

| | |
|---|---|
| Puthiyamattam John | Thadathil Mathew |
| Puthiyaparampil Jacob | Thadickaparambil Kuriakose |
| Puthoor Sebastian | Thakadiyel Abraham |
| Puthumana Joseph | Thalavayalil Abraham |
| Puthuparambil Thomas | Thannickapara Joseph |
| Thadathil Cyriac | Thannimalayil Thomas |
| Thadathil Joseph (Jr) | Tharappel George |
| Thadathil Joseph (Sr) | Tharappel Jose (Jr) |
| Thadathil Kurian | Tharappel Joseph (Sr) |

Thayil Antony
Thayil Mathew
Thayyil Thomas
Thazhathuvarikayil Joseph
Thekkel Joseph (Jr)
Thekkel Mathew
Thekkumcherikunnel Sebastian
Thengumpallil Joseph
Thennattil Mathew
Theruvil George
Theruvil Joseph
Thevarkunnel Mathew
Thonakkara Antony
Thonikuzhiyil Sebastian
Thottumkal Michael
Vadakara Joseph

December 23 Saturday
Evening Session 4.30 - 6.00

Valiyaveettil Kalappura Sebastian
Vallompurayidathil Jose
Valummel Thomas
Vanchipurackal Joseph
Varakukalaparampil George
Varickamackal Kurian
Varickamakal Augustine
Varickamakal Emmanual
Vattamattathil Philip
Vattamukalel Kuriakose
Vattappalam Devasiachan
Vattappillil Joseph
Vayalil James
Vayalil Joseph
Vayaliparambil George
Vazhacharickal Mathew
Vazhacharickal Thomas
Vazhackapara Joseph
Vazhakalayil Antony
Vazhakkaparayil Mathew
Vazhayil Antony
Vazhayil Thomas
Vazheparampbil Zacharia
Vekathanam Scaria
Velamparambil Cyrus
Vellachalil Kuriakose
Vellamaruthunkal Jacob
Velooparambil George
Vennayappillil Mathew
Vethanath Sebastian
Vettathel Joseph
Vettukallel George
Vettukallel James
Vettukallel Mathew
Vettukallel Sebastian
Vettukattil Thomas
Vilakkunnel Joseph
Karimankal James MCBS
Anithottathil Jibin MSFS
Illickal Kuriakose (Shino) O.Pream
Kizhakkeparampil Abraham CRM
Thellikunnel Joseph CRM
Varakukalaparampil Thomas MC
Vadakkekara Michael
Vadakkekutt Joseph
Vadakkel Cyriac
Vadakkel Jacob
Vadakkemangalath Joseph
Vadakkenellikattil Joseph
Vadakkethakidiyel Kuriakose
Vadakkethottiyil George
Vadayattukuzhy George

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സസിനായി  വാക്ക് – ഇൻ – ഇന്റർവ്യൂ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് – ഇൻ – ഇന്റർവ്യൂ നടത്തിവരുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺ സിൽ റജിസ്ട്രേഷനുള്ളവർക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധ പ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലെവൽ വൺ അഡ്വാൻസ്ഡ് ട്രോമാ കെയർ സെന്റർ ആരംഭിച്ചു.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച ലെവൽ വൺ അഡ്വാൻസ്ഡ് ട്രോമാ കെയർ സെന്ററിന്റെ ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. പൊതുജനങ്ങൾക്കായി പുറ ത്തിറക്കുന്ന ട്രോമാ ബോധവത്കരണ വീഡിയോ 'ഗോൾഡൻ അവറിന്റെ' പ്രകാശനം ആന്റോ ആന്റണി എം.പി നിർവ്വഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, അത്യാഹിതവിഭാഗം കൺ സൾട്ടന്റ് ഡോ. ശ്രീജിത്ത് ആർ. നായർ എന്നിവർ പ്രസംഗിച്ചു. അപകടപരിചരണത്തിൽ പ്രത്യേക വൈദഗ്ധ്യം നേടിയ ഡോക്ടർ മാരുടെ നേതൃത്വത്തിലുള്ള സംഘമാണ് 26 കിടക്കകളുള്ള ലെവൽ വൺ അഡ്വാൻസ്ഡ് ട്രോമാ കെയർ സെന്ററിന്റെ പ്രവർത്തനത്തിനു നേതൃത്വം നൽകുന്നത്. കുട്ടികളുടെയും മുതിർന്നവരുടെയും എല്ലാവിധ അത്യാഹിതങ്ങളും കൈകാര്യം ചെയ്യുന്ന കേന്ദ്രമായ ഇവിടെ 24 മണിക്കൂറും എല്ലാ വിഭാഗങ്ങളിലെയും സർജൻമാരുടെ

പൂർണസേവനം ലഭിക്കും. കഴിഞ്ഞ നാലു വർഷത്തിനിടെ 90000 പേർ മാർ സ്ലീവാ മെഡിസിറ്റിയിലെ അത്യാഹിതവിഭാഗത്തിൽ ചികിത്സ തേടിയിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സ്കൂൾ വിദ്യാർത്ഥിക്ക് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി.**

വൃക്കരോഗത്തെത്തുടർന്നു ബുദ്ധിമുട്ടിയ സ്കൂൾവിദ്യാർത്ഥിയെ 61 കാരിയായ ഉമ്മൂമ്മ വൃക്ക ദാനംചെയ്തു ജീവിതത്തിലേക്കു തിരിച്ചെത്തിച്ചു. പ്രായമായവർക്കും വൃക്ക ദാനംചെയ്യാം എന്ന സന്ദേശവുമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയിലാണ് ഉമ്മൂമ്മ കൊച്ചുമകനു വൃക്ക ദാനംചെയ്തത്. വൃക്ക മാറ്റിവച്ച ഒൻപതാം ക്ലാസ് വിദ്യാർത്ഥിയായ കൊച്ചുമകനും വൃക്ക ദാനംചെയ്ത വീട്ടമ്മ യായ ഉമ്മൂമ്മയും സുഖം പ്രാപിച്ചു. വണ്ടിപ്പെരിയാർ സ്വദേശികളായ കുടുംബമാണ് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രണ്ടു തലമുറ കളുടെ ബന്ധം എഴുതിച്ചേർത്തത്. അടിയന്തര വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു പലപ്പോഴും ദാതാവിനെ കണ്ടെത്താൻ ബുദ്ധി മുട്ടാറുണ്ട്. ഈ സാഹചര്യത്തിലാണ് പ്രായമായവർക്കും വൃക്ക ദാതാവ് ആകാമെന്ന സന്ദേശവുമായി ഒരു ഉമ്മൂമ്മ മുന്നോട്ടുവന്നത്. ജന്മനായുള്ള രോഗത്തെത്തുടർന്ന് വിവിധ ബുദ്ധിമുട്ടുകൾ നേരി ടേണ്ടിവന്ന കുട്ടിക്കാണ് വൃക്ക മാറ്റിവച്ചത്. മാർ സ്ലീവാ മെഡിസിറ്റി യിലെ അവയവമാറ്റിവയ്ക്കൽ ടീം അംഗങ്ങളായ ഡോ. മഞ്ജുള രാമചന്ദ്രൻ, ഡോ. തോമസ് മാത്യു, ഡോ. വിജയ് രാധാകൃഷ്ണൻ, ഡോ. കൃഷ്ണൻ സി, ഡോ. അജയ് കെ. പിള്ള, ഡോ. ആൽവിൻ ജോസ് പി., ഡോ. ജെയിംസ് സിറിയക് എന്നിവരുടെ സംഘമായി രുന്നു ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും നേതൃത്വം നൽകിയത്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ച് ഒന്നരവർഷം പിന്നിടുന്നതിനിടെ 32 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയ കരമായി പൂർത്തിയാക്കിയതിന്റെ അഭിമാനത്തിലാണ് പാലാ മാർ സ്ലീവാ മെഡിസിറ്റി.

**ഐ.എം.എയുടെ ഇമേജ് പരിസ്ഥിതിമിത്ര സംസ്ഥാന അവാർഡ് പാലാ മാർ സ്ലീവാ മെഡിസിറ്റിക്കു ലഭിച്ചു**

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ) ഇമേജ് പരിസ്ഥിതിമിത്ര സംസ്ഥാനതലത്തിലുള്ള അവാർഡ് പാലാ മാർ

സ്ലീവാ മെഡിസിറ്റിക്കു ലഭിച്ചു. തിരുവല്ലയിൽ നടന്ന ഐ.എം.എ സംസ്ഥാന കോൺഫറൻസിൽ ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ ഡോ. ജോസഫ് കണിയോടിക്കൽ സംസ്ഥാനതലത്തിലുള്ള പുരസ്കാരം ഐ.എം.എ. സംസ്ഥാന പ്രസിഡന്റ് ഡോ. സുൾഫി നൂഹിൽനിന്ന് ഏറ്റുവാങ്ങി. ആശുപത്രിമാലിന്യങ്ങൾ ശാസ്ത്രീയ മായി വേർതിരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള മികവാണ് പാലാ മാർ സ്ലീവാ മെഡിസിറ്റിയെ പരിസ്ഥിതിമിത്ര സംസ്ഥാന അവാർഡിന് അർഹമാക്കിയത്. സംസ്ഥാനത്തെ വിവിധ ആശുപത്രി കളെ അവാർഡിനായി പരിഗണിച്ചിരുന്നു. 650 കിടക്കകളുടെ സൗകര്യമുള്ള മാർ സ്ലീവാ മെഡിസിറ്റിയിൽ ആധുനികസംവിധാന ങ്ങളോടെയാണ് പരിസ്ഥിതിസൗഹാർദ്ദമായി മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

**ക്വിസ് മത്സരം വിജയികൾക്കു സമ്മാനം നൽകി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയും മലയാളമനോരമയും ചേർന്ന് ലോക ഹൃദയദിനത്തോടനുബന്ധിച്ചു നടത്തിയ ക്വിസ് മത്സര ത്തിലെ വിജയികൾക്കു സമ്മാനം നൽകി. കോട്ടയം മലയാള മനോരമ അങ്കണത്തിൽ നടത്തിയ ചടങ്ങിൽ ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ സമ്മാനദാനം നിർവഹിച്ചു. മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ വിനോദ് നായർ, ചീഫ് റിപ്പോർട്ടർ രാജു മാത്യു എന്നിവർ പ്രസംഗിച്ചു.

**മെഡിക്കൽ ക്യാമ്പ് നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, മീനച്ചിൽ താലൂക്ക് സർവീസ് കമ്മിറ്റി, പാലാ ബാർ അസോസിയേഷൻ, ലയൺസ് ക്ലബ് എന്നിവയുമായി സഹകരിച്ചു സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ഫാമിലി ജഡ്ജി ഇ. അയൂബ് ഖാൻ ഉദ്ഘാടനം ചെയ്തു. ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. പ്രകാശ് സി. വടക്കൻ അധ്യക്ഷത വഹിച്ചു. ചീഫ് പ്രോജക്ട് കോ ഓർഡിനേറ്റർ സിബി മാത്യു പ്രസംഗിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിലെ വിവിധ വകുപ്പുകളിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

## മാർ സ്ലീവാ മെഡിസിറ്റിയിൽ അധ്യാപകർക്കായി ബോധവത്കരണ സെമിനാർ നടത്തി

ലോക പ്രമേഹദിനാചരണത്തിന്റെ ഭാഗമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലെ അധ്യാപകർക്കായി 'കുട്ടികളിൽ വർധിച്ചു വരുന്ന പ്രമേഹം - കവാരണങ്ങളും പ്രതിരോധവും' എന്ന വിഷയത്തിൽ ബോധവത്കരണസെമിനാർ സംഘടിപ്പിച്ചു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു.

കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി മാനേജർ റവ.ഫാ. ബെർക്കുമാൻസ് കുന്നുംപുറം മുഖ്യപ്രഭാഷണം നിർവഹിച്ചു. സമ്മേളനം ശ്രീ ചാണ്ടി ഉമ്മൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, എൻഡോക്രൈനോളജി വിഭാഗം കൺസൽട്ടന്റ് ഡോ. ഗീതു ആന്റണി എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ വിവിധ വിഷയങ്ങളിൽ പീഡിയാട്രിക് അസോ. കൺസൾട്ടന്റ് ഡോ. അനിറ്റ ആൻ സൈമൺ, എൻഡോക്രൈനോളജി വിഭാഗം കൺസൾട്ടന്റുമാരായ ഡോ. ഗീതു ആന്റണി, ഡോ. അജീഷ് ടി, ചീഫ് ക്ലിനിക്കൽ ഡയറ്റീഷൻ ജിജിനു ജെ. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## മാർ സ്ലീവാ മെഡിസിറ്റിയിൽ സ്നേഹസംഗമം 'പ്രതീക്ഷ - 2023' നടത്തി

ശിശുദിനാചരണത്തിന്റെ ഭാഗമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ഓട്ടിസം നിയന്ത്രണവിധേയമായ കുട്ടികളുടെയും മാതാപിതാക്കളുടെയും സ്നേഹസംഗമം 'പ്രതീക്ഷ - 2023' എന്ന പേരിൽ നടത്തി. മാർ സ്ലീവാ മെഡിസിറ്റിയിലെ ആയുഷ് വിഭാഗത്തിന്റെ കീഴിൽ ഹോമിയോപ്പതിയിലൂടെ ചികിത്സ തേടുകയും രോഗനിയന്ത്രണം നേടുകയും ചെയ്ത കുട്ടികളുടെ സംഗമമാണു നടത്തിയത്. ശ്രീ മാണി സി. കാപ്പൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഹോമിയോപ്പതി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഇ. എസ്. രാജേ

ന്ദ്രൻ, സീനിയർ കൺസൾട്ടന്റ് ഡോ. റോയി സഖറിയ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ് എന്നിവർ പ്രസംഗിച്ചു.

**ബോധവത്കരണക്ലാസ്സ് നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ അൽഫോൻസാ കോളേജിൽ ക്യാൻസർ ബോധവത്കരണക്ലാസ്സ് നടത്തി. കോളേജ് പ്രിൻസിപ്പൽ റവ. ഫാ. ഷാജി ജോൺ ഉദ്ഘാടനം ചെയ്തു. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സ് നയിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ**
**സൗജന്യ ഷുഗർ പരിശോധന നടത്തി**

ലോകപ്രമേഹദിനാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ പൊതുജനങ്ങൾക്കായി സൗജന്യ ഷുഗർപരിശോധനയും പോഷകാഹാരങ്ങളെക്കുറിച്ചുള്ള ബോധവത്കരണപ്രദർശനവും നടത്തി.

**ഹൃദയപരിശോധനാക്യാമ്പ് നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാധ്യമ പ്രവർത്തകർക്കായി കോട്ടയം പ്രസ് ക്ലബ്ബിൽ ഹൃദയപരിശോധനാ ക്യാമ്പ് നടത്തി. ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് ഉദ്ഘാടനം ചെയ്തു. പ്രസ് ക്ലബ് പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. കാർഡിയോളജിവിഭാഗം കൺസൾട്ടന്റ് ഡോ. രാജീവ് ഏബ്രഹാം പരിശോധനകൾക്കു നേതൃത്വം നൽകി.

**ആരോഗ്യബോധവത്കരണക്ലാസ്സ് നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാമ്പാടി പബ്ലിക് ലൈബ്രറി സീനിയർ സിറ്റിസൺ ഫോറം അംഗങ്ങൾക്കായി ആരോഗ്യബോധവത്കരണക്ലാസ്സ് നടത്തി. പൾമണറി വിഭാഗം കൺസൾട്ടന്റ് ഡോ. രാജ്കൃഷ്ണൻ എസ്. ക്ലാസ്സ് നയിച്ചു. സീനിയർ സിറ്റിസൺ ഫോറം പ്രസിഡന്റ് ഒ.സി. ചാക്കോ അധ്യക്ഷത വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിക്ക് ദേശീയപുരസ്കാരം ലഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച ജെം ഓഫ് ഇടുക്കി എന്ന പദ്ധതിക്ക് കഹോടെക് ദേശീയപുര

സ്കാരം ലഭിച്ചു. ഇടുക്കിയിലെ സ്പെഷ്യാലിറ്റി സൗകര്യമില്ലാത്ത ആശുപത്രികളെ മാർ സ്ലീവാ മെഡിസിറ്റിയിലെ ക്രിട്ടിക്കൽ കെയർ വിഭാഗവുമായി ഓൺലൈനിലൂടെ ബന്ധിപ്പിച്ച് 24 മണിക്കൂറും സൗജന്യ ടെലി മെഡിസിൻ സേവനം ഒരുക്കുന്ന പദ്ധതിയാണ് ജെം ഓഫ് ഇടുക്കി. ആശുപത്രിയിൽ നടന്ന ചടങ്ങിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പുരസ്കാരസർട്ടിഫിക്കറ്റ് കൈമാറി.

**സൗജന്യ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പരിശോധനാക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിലുള്ള ചുവട് പദ്ധതിയുടെ ഭാഗമായി വൈക്കം ഇൻഡോ അമേരിക്കൻ വെസ്റ്റ് ഗേറ്റ് ആശുപത്രി, കുമളി സെന്റ് അഗസ്റ്റിൻ ആശുപത്രി എന്നിവിടങ്ങളിൽ സൗജന്യ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പരിശോധനാക്യാമ്പ് നടത്തി. മാർ സ്ലീവാ മെഡിസിറ്റിയിലെ ഓർത്തോപീഡിക്സ് വിഭാഗം വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി. അർഹരായ പത്തു പേർക്ക് പൂർണ്ണമായി സൗജന്യമായും തിരഞ്ഞെടുക്കപ്പെടുന്ന 200 പേർക്ക് സൗജന്യനിരക്കിലും മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന പദ്ധതിയാണ് ചുവട്.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

നവംബർ മാസത്തിൽ ആയിരക്കണക്കിന് അൽഫോൻസാ ഭക്തർ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ (കൂരിയ ബിഷപ്)
മാർ റാഫേൽ തട്ടിൽ (ഷംഷാബാദ് രൂപത മെത്രാൻ)
ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ സിറോ മലബാർ രൂപത മെത്രാൻ)

**ഇറാക്കിൽനിന്ന് ആബട്ട് ജിഹാദിയൂസഫിന്റെ സന്ദർശനം**

അൽഹാലിയ കമ്മ്യൂണിറ്റി(സിറിയ)യുടെ ആബട്ട് ജിഹാദിയൂസഫ് (ഇറാക്ക്), ഫാ. ജെയിംസ് (സിറിയ) എന്നിവർ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു. സിറിയ, ഇറാക്ക് രാജ്യങ്ങളിലുള്ള ക്രൈസ്തവ സമൂഹങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അറിയിച്ചു.

മലയാളം, തെലുങ്ക് സിനിമകളിൽ പ്രശസ്തയായ നടി ക്രിസ്റ്റിന (മോഹിനി) വി. അൽഫോൻസാമ്മയുടെ തികഞ്ഞ ഭക്തയാണ്. അവരുടെ മക്കൾക്ക് വി. അൽഫോൻസാമ്മവഴി ലഭിച്ച രോഗസൗഖ്യത്തിനു നന്ദിപറയുവാൻ അമേരിക്കയിൽ നിന്നു വന്ന് കബറിടത്തിൽ പ്രാർത്ഥിച്ചു.

**ഡീക്കൻ മിനിസ്ട്രി**

വി. അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ ഡീക്കൻ മിനിസ്ട്രിക്കായി ക്ലരിഷ്യൻ സഭാംഗമായ ഡീക്കൻ എബിൻ തയ്യിലും അഡോർണോ സഭാംഗമായ ഡിക്കൻ എബി അമ്പലത്തുങ്കലും ശുശ്രൂഷകൾ ആരംഭിച്ചു അവർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**രാത്രിയാരാധന**

2023 നവംബർ 25 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ രാത്രിയാരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു. വൈകുന്നേരം 7.00 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. രാത്രി 11.00 മണിക്ക് സമാപിച്ചു. ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ നേതൃത്വം നൽകി.

**ജപമാല പ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്കളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസസമൂഹത്തിന്റെ കൂട്ടായ് മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിനു നവംബർ മാസം നേതൃത്വം നൽകിയ ഇടവകകൾ: കുടക്കച്ചിറ (04/11/2023), ചക്കാമ്പുഴ (11/11/2023), മേവിട (18/11/2023), പാലക്കാട്ടുമല (25/11/2023).

ഡിസംബർ മാസം ജപമാല പ്രദക്ഷിണത്തിനു നേതൃത്വം നൽകുന്ന ഇടവകകൾ: മുത്തോലി (02/12/2023), നെല്ലിയാനി (09/12/2023), ളാലം പഴയപള്ളി (16/12/2023).

**അൽഫോൻസിയൻ വോളന്റിയേഴ്സ് മീറ്റിംഗ്**

വി. അൽഫോൻസാ കബറിടദൈവാലയത്തിൽ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന നൂറോളം വോളണ്ടിയർമാരുടെ യോഗം 29/11/2023 ബുധൻ 11:30 മുതൽ 12 മണിവരെ ഷ്റൈൻ ഓഡിറ്റോറിയത്തിൽ നടന്നു. പാലാ രൂപതാധ്യക്ഷൻ ബിഷപ് ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടദൈവാലയത്തിൽ ചെയ്യുന്ന ശുശ്രൂകളെപ്രതി വോളണ്ടിയേഴ്സിന് അനുഗ്രഹങ്ങൾ നേരുകയും, അവരെ അഭിനന്ദിക്കുകയും ചെയിതു. ഭരണങ്ങാനം ഫോറോനാപ്പള്ളി വികാരി പെരി. ബഹു. സഖറിയാസ് ആട്ടപ്പാട്ട് ആശംസകൾ നേർന്നു.

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2022-2023**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ നവംബർ മാസത്തിലെ ക്ലാസ്സ് 11-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. Moral Theology എന്ന വിഷയത്തെ അധികരിച്ച് ഡോ. ഡൊമിനിക് വെച്ചൂർ ക്ലാസ്സ് നയിച്ചു.

**ഡിസംബർ മാസത്തിലെ ക്ലാസ്സുകൾ**

| | | |
|---|---|---|
| ഡിസംബർ 9 ശനി | Moral Theology | ഡോ. ഡൊമിനിക് വെച്ചൂർ |
| ഡിസംബർ 29 വെള്ളി | Sacraments | ഫാ. മാത്യു കുമ്പുളുങ്കൽ |
| ഡിസംബർ 30 ശനി | Sacraments | ഫാ. മാത്യു കുമ്പുളുങ്കൽ |

**2. പാലാ രൂപത പ്രതിഭാസംഗമം**

ഈ വർഷം 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി 2023 ഡിസംബർ മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രതിഭാ സംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിക്കാനുള്ളവരെ തിരഞ്ഞെടുക്കാനായി രൂപതതലത്തിലുള്ള പ്രതിഭാസംഗമം 2023 നവംബർ 4 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു.

**രൂപതതല പ്രതിഭാസംഗമത്തിൽ വിജയികളായവർ:**

*ആൺകുട്ടികൾ*

1. ജോബിൻ ജോജോ, വളയത്തിൽ, പാലാ കത്തീഡ്രൽ
2. ജസ്മോൻ ജെയിംസ്, കടൂക്കുന്നേൽ, ചേർപ്പുങ്കൽ

*പെൺകുട്ടികൾ*

1. അലീന ജോയ്, കവുന്നുകാട്ടിൽ, രാമപുരം
2. ഷെറിൻ എം. ജോസഫ്, മഠത്തിക്കുന്നേൽ, മുട്ടുചിറ

ഇവർ സീറോ മലബാർ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 2023 ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കുന്ന സഭാതലപ്രതിഭാസംഗമത്തിൽ പങ്കെടുക്കും.

**3. വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ**

വിശ്വാസപരിശീലനരംഗത്ത് 20,40,50 വർഷങ്ങൾ സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപത വിശ്വാസപരിശീലനകേന്ദ്രം ആദരിക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവ് പൂർത്തിയാക്കുന്ന വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിതഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2023 ഡിസംബർ 15-നു മുമ്പായി രൂപതാവിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്.

**4. വിശ്വാസപരിശീലകപുരസ്കാരം**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലകപുരസ്കാരത്തിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേരും ഫോട്ടോയും രൂപതാവിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2023 ഡിസംബർ 15 നുമുമ്പായി രൂപതാവിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ നൽകേണ്ടതാണ്. മുമ്പ് ഈ അവാർഡ് ലഭിക്കാത്ത, CTP യും ചുരുങ്ങിയത് പത്തു വർഷത്തെ സർവ്വീസുമുള്ള അധ്യാപകരെമാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ.

**5. തിരുബാലസഖ്യം - എന്റെ ഡയറി**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറിമത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതാതല

മത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2023 ഡിസംബർ 10 നുമുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**6. തിരുബാലസഖ്യം ക്വിസ്**

തിരുബാലസഖ്യം സംഘടനയിലെ അംഗങ്ങൾക്കായി നടത്തപ്പെടുന്ന തിരുബാലസഖ്യം ക്വിസ് 2024 ജനുവരി 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടും. മേഖലാതലമത്സരത്തിൽ ആദ്യ സ്ഥാനങ്ങളിൽ എത്തുന്ന രണ്ടുപേരാണ് രൂപതാതലമത്സരത്തിൽ പങ്കെടുക്കുന്നത്. തിരുബാലസഖ്യം പഠനഗ്രന്ഥമായ 'വിശുദ്ധ പുഷ്പങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് ക്വിസ് നടത്തുന്നത്.

**7. Mission Quest 2023**

സീറോമലബാർ സഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്ന വർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധന കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച Mission Quest എന്ന പേരിലുള്ള ഓൺലൈൻ ക്വിസ് മത്സരം 2023 ഒക്ടോബർ 28 ശനിയാഴ്ച നടത്തപ്പെട്ടു.

**രൂപതാതല മത്സരത്തിൽ വിജയികളായവർ:**

*വിദ്യാർഥികളുടെ വിഭാഗം*

1. ലിസ് മരിയ തോമസ് പായിക്കാട്ട്, അരുവിത്തുറ
2. അലോഷിയ പി. ജോസഫ് പടിഞ്ഞാറകത്ത്, ഭരണങ്ങാനം
3. അന്നാ മരിയ അഗസ്റ്റിൻ ഏരിമറ്റത്തിൽ, രാമപുരം

*മുതിർന്നവരുടെ വിഭാഗം*

1. ഷിബിൻ ഷാജി മഠത്തിപ്പറമ്പിൽ, കുറവിലങ്ങാട്
2. അമലു അഗസ്റ്റിൻ ഏരിമറ്റത്തിൽ, രാമപുരം
3. സി. മേരി ആൻ CMC, പാലാ കത്തീഡ്രൽ

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. സിൽവർ ജൂബിലി**

FDSHJ സഭാംഗവും കോനംപെട്ട മഠാംഗവുമായ സി. ആൻലിന്റെ സിൽവർ ജൂബിലി ഒക്ടോബർ 30 ന് കോനംപേട്ടയിൽ വച്ചു നടന്നു. ഫാ. മാത്യു പുതിയിടത്ത് വി. കുർബാന അർപ്പിച്ചു. ഫാ. ജോസഫ് പരിയാത്ത് സന്ദേശം നൽകി. പാലാ മിഷനിലെ വൈദികരും സിസ്റ്റേഴ്സും പങ്കെടുത്തു.

**2. ജ്ഞാനജ്യോതി ബൈബിൾ പരീക്ഷ**

നവംബർ 5 ന് ജ്യോതിർമയി സൊസൈറ്റി നടത്തിയ പരീക്ഷയിൽ പാലാ മിഷനിൽനിന്ന് 50 പേർ പങ്കെടുത്തു.

**3. മിഷൻ സന്ദർശനം**

നവംബർ 2 ന് അദിലാബാദ് രൂപത മൈനർ സെമിനാരിയിൽനിന്ന് അച്ച ന്മാരും സെമിനാരിക്കാരും ചേർന്ന് 20 പേർ പാലാ മിഷനിൽ സന്ദർശനം നടത്തി.

നവംബർ 7 മുതൽ 9 വരെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്, വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, സെക്രട്ടറി ഫാ. ജോൺസൺ പാക്കരമ്പേൽ, 12 റീജൻസി ബ്രദേഴ്സ് എന്നിവർ പാലാ മിഷനിൽ സന്ദർശനം നടത്തി. പിതാവ് എല്ലാ മിഷൻ സെന്ററുകളും സന്ദർശിച്ചു. അച്ചന്മാരും ബ്രദേഴ്സും എഫാത്ത ധ്യാനകേന്ദ്രം, സി.എം.ഐ., സി.എം.സി. പ്രൊവിൻഷ്യൽ ഹൗസും, മഞ്ചേരിയാലിൽ അദിലാബാദ് രൂപതാ ബിഷപ്സ് ഹൗസും കൽക്കരിഖനിയും സന്ദർശിച്ചു.

2024 ജനുവരി 25 ന് പാലാ മിഷന്റെ അദിലാബാദിലെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനാൽ, ഇവിടെ മിഷൻ ഏറ്റെടുത്ത് 17 വർഷം പ്രവർത്തിച്ചതിന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനു നന്ദി അറിയിക്കുവാൻ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവും മാർ ജോസഫ് കുന്നത്ത് പിതാവും വികാരി ജനറാൾ ഫാ. ജോസഫ് മാണിക്കത്താൻ, പ്രോക്യൂറേറ്റർ ഫാ. റോബിൻ പള്ളിക്കാപറമ്പിൽ എന്നിവർ നെന്നലിൽ എത്തി. 7 pm മുതൽ 8 pm വരെ മീറ്റിംഗ് നടത്തി. പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും പങ്കെടുത്തു.

### 4. Eparchial Assembly

പാലാ രൂപതയുടെ മൂന്നാമത് Eparchial Assembly നവംബർ 21 മുതൽ 23 വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്നു. പാലാ മിഷനിൽനിന്ന് ഫാ. മാത്യു പുതിയിടത്ത് പങ്കെടുത്തു.

### 5. അഭിനന്ദനങ്ങളും നന്ദിയും

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

## പാലാ മിഷൻ – ഗുജറാത്ത്

### 1. ജപമാലപ്രയാണം

ജപമാലമാസത്തിൽ ഗുജറാത്ത് സംസ്ഥാനത്തെ പരിശുദ്ധ അമ്മവഴി ഈശോയുടെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് രാജ്കോട്ടുനിന്ന് ആരംഭിച്ച ദിവ്യകാരുണ്യ-ജപമാലപ്രയാണത്തിനു ബറൂച്ചിൽ സ്വീകരണം നൽകി.

### 2. അങ്കലേശ്വർ സന്ദർശനം

അങ്കലേശ്വർ മേരി മാതാ ഇടവകയിൽ അഭിവന്ദ്യ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ഇടയനടുത്ത സന്ദർശനം നടത്തി. വികാരി റവ. ഫാ. സ്റ്റീഫൻ ജയരാജ് കപ്പൂച്ചിൻ, അസി. വികാരി റവ. ഫാ. ജോമൽ കപ്പൂച്ചിൻ, കൈക്കാരന്മാർ എന്നിവർ ചേർന്ന് അഭിവന്ദ്യ പിതാവിനെ സ്വീകരിച്ചു.

### 3. വാപ്പി സന്ദർശനം

അഭിവന്ദ്യ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് വാപ്പി ഇടവക സന്ദർശിച്ച് ഇടവകദൈവാലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുകയും

നിർദേശങ്ങൾ നല്കുകയും ചെയ്തു. വികാരി റവ. ഫാ. ജോയി മാണിക്കനാം പറമ്പിൽ CMI, കൈക്കാരന്മാർ എന്നിവർ ചേർന്ന് അഭിവന്ദ്യ പിതാവിനെ സ്വീകരിച്ചു.

**4. അഹമ്മദാബാദ് സോണൽ മരിയൻ കൺവൻഷൻ**

അഹമ്മദാബാദ് സോണിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മരിയൻ കൺവൻഷനിൽ ആയിരങ്ങൾ പങ്കെടുത്തു. റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ ധ്യാനം നയിച്ചു.

**5. ബറോഡാ സോണൽ കൺവൻഷൻ**

ബറോഡാ സോണിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കൺവൻഷനിൽ ആയിരങ്ങൾ പങ്കെടുത്തു. റവ. ഫാ. ജോർജ് കാരാംവേലി ധ്യാനം നയിച്ചു.

**6. ലൂമൻ യുവന്തസ് യൂത്ത് ക്യാമ്പ്**

SYM ഗുജറാത്ത് റീജണിന്റെ ആഭിമുഖ്യത്തിൽ ലൂമൻ യുവന്തസ് എന്ന പേരിൽ യൂത്ത് ക്യാമ്പ് നടത്തപ്പെട്ടു. റവ. ഫാ. കുര്യാക്കോസ് കൊല്ലപ്പള്ളിൽ, റവ. ഫാ. അരുൺ കലമറ്റം എന്നിവർ ക്യാമ്പ് നയിച്ചു.

**7. മാസധ്യാനം**

നവംബർ 9 ന് വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു. റവ. ഫാ ജോബി പാലയ്ക്കാത്തടത്തിൽ MST ധ്യാനം നയിച്ചു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ നവംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം നവംബർ 5 ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അതു പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നല്കി. നവംബർ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**കുഞ്ഞുമിഷണറി മാസിക**

നവംബർ മാസത്തിലും കുഞ്ഞുമിഷണറി മാസിക pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും WhatsApp ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**കൈയെഴുത്തുമാസിക പ്രസിദ്ധീകരണമത്സരം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കൈയെഴുത്ത് മാസിക പ്രസിദ്ധീകരണമത്സരം നടത്തുന്നു. ശാഖകളെ A,B,C വിഭാഗങ്ങളായി

തിരിച്ച്, മേഖലകളിൽ മത്സരം നടത്തിയശേഷം ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്ന മാസിക രൂപതാമത്സരത്തിനായി 2023 ഡിസംബർ 31 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഓരോ ശാഖയിൽനിന്ന് ഒരു ടീമിനെ വീതം പങ്കെടുപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ശാഖകളുടെ നേതൃത്വത്തിൽ ചെയ്യുമല്ലോ.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

വിഷയം : 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്'

* കുറഞ്ഞത് 85 പേജ്, A4 പേപ്പർ.
* ശാഖയിൽനിന്ന് പത്തു കുട്ടികളുടെ ഒരു ടീമിനു പങ്കെടുക്കാവുന്നതാണ്.
* സമയം 3 മണിക്കൂർ
* ആവശ്യമായ സാമഗ്രികൾ അവരവർതന്നെ കരുതണം.
* മാസിക പൂർണ്ണമായും മത്സരസ്ഥലത്തുവച്ചുതന്നെ തയ്യാറാക്കണം.
* പേപ്പറുകളിൽ മുൻകൂട്ടി യാതൊരുവിധ വരകളോ എഴുത്തോ പാടില്ല.
* ബൈബിൾ ഉപയോഗിക്കാം.
* പുസ്തകങ്ങൾ, ചിത്രങ്ങൾ മുതലായവ റഫറൻസിനായി ഉപയോഗിക്കാൻ പാടില്ല.
*ബൈൻഡിംഗ് നിർബന്ധമല്ല. അടുക്കി ക്രമീകരിച്ചുതന്നാൽ മതിയാവും.

**പോസ്റ്റർ തയ്യാറാക്കൽ മത്സരം**

ചെറുപുഷ്പമിഷൻലീഗ് പാലാരൂപത പോസ്റ്റർ തയ്യാറാക്കൽ മത്സരം സംഘടിപ്പിക്കുന്നു. 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പോസ്റ്റർ തയ്യാറാക്കേണ്ടത്. A,B,C വിഭാഗം തിരിച്ച്, മേഖലകളിൽ മത്സരം നടത്തിയശേഷം ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്ന പോസ്റ്റർ, രൂപതാമത്സരത്തിനായി 2023 ഡിസംബർ 31 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

* ഒരു ശാഖയിൽനിന്ന് രണ്ടു പേരടങ്ങിയ ഒരു ടീമിനു പങ്കെടുക്കാവുന്നതാണ്.
* സമയം ഒന്നര മണിക്കൂർ
* പോസ്റ്റർ തയ്യാറാക്കുന്നതിനുള്ള ഒരു ചാർട്ട് പേപ്പർ നൽകുന്നതാണ്.
* റഫറൻസിനായി ബൈബിൾമാത്രം ഉപയോഗിക്കാവുന്നതാണ്.

**സംസ്ഥാനകലോത്സവം**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതി നടത്തിയ സംസ്ഥാനമത്സരങ്ങളിൽ പാലാ രൂപത അഭിമാനാർഹമായ നേട്ടങ്ങൾ കരസ്ഥമാക്കി. കോതമംഗലം രൂപതയിലെ വിശ്വജ്യോതി എഞ്ചിനീയറിങ് കോളേജിൽവച്ചു നടത്തപ്പെട്ട സംസ്ഥാന കലാമത്സരത്തിൽ പാലാ രൂപത ഒന്നാംസ്ഥാനവും സംസ്ഥാന രചനാ മത്സരങ്ങളിൽ നാലാംസ്ഥാനവും നേടി. കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനത്തിനും പാലാ രൂപത അർഹമായി. സൂപ്പർ സീനിയർ വനിത, ജൂണിയർ പെൺകുട്ടികൾ, സബ് ജൂണിയർ പെൺകുട്ടികൾ എന്നീ വിഭാഗങ്ങളിൽ പാലാ

രൂപത ട്രോഫികൾ കരസ്ഥമാക്കി. കലോത്സവത്തിൽ വിജയികളായവരുടെ പേരുകൾ ചുവടെ കൊടുക്കുന്നു.

**ഒന്നാം സ്ഥാനത്തിന് അർഹരായവർ**

1. ജോർജ് ജോസഫ് (മാൻവെട്ടം ശാഖ) മിഷൻ ക്വിസ്, സൂപ്പർ സീനിയർ ബോയ്സ്
2. അമലു അഗസ്റ്റിൻ (രാമപുരം ശാഖ) മിഷൻ ക്വിസ്, സൂപ്പർ സീനിയർ ഗേൾസ്)
3. സഞ്ജയ് വി. ഐസൺ (അരുണാപുരം ശാഖ) ലളിതഗാനം, ജൂണിയർ ബോയ്സ്
4. അനന്യ മരിയ മാത്യു (ചേർപ്പുങ്കൽ ശാഖ) ലളിതഗാനം, സബ് ജൂണിയർ ഗേൾസ്
5. അന്ന റോസ് തോമസ് (ചിറ്റാർ ശാഖ) ബൈബിൾ റീഡിങ്, സബ്ജൂണിയർ ഗേൾസ്
6. ഡോൺ ജോസഫ് ടോണി (തിടനാട് ശാഖ) കവിതാരചന, ജൂണിയർ ബോയ്സ്
7. പരിചമുട്ടുകളി (കുറവിലങ്ങാട് ശാഖ)
8. ബൈബിൾ ദൃശ്യാവതരണം (കുറവിലങ്ങാട് ശാഖ)

**രണ്ടാം സ്ഥാനത്തിന് അർഹരായവർ**

1. ജെസ് മാത്യു ഷിനോജ് (കടുത്തുരുത്തി ശാഖ) പ്രസംഗം, ജൂണിയർ ബോയ്സ്
2. അമലാ ആന്റണി (തീക്കോയി ശാഖ) കഥാപ്രസംഗം, ജൂണിയർ ഗേൾസ്
3. ലിയോൺ മാത്യു ജോർജ് (തോടനാൽ ശാഖ) മിഷൻ ക്വിസ്, സീനിയർ ബോയ്സ്
4. ജെർമി ജിനു (മൂലമറ്റം ശാഖ) ലളിതഗാനം, സീനിയർ ഗേൾസ്
5. അലക്സ് ജോർജ് (സിബിഗിരി ശാഖ) പ്രസംഗം, സബ് ജൂണിയർ ബോയ്സ്
6. ജിയന്ന മരിയ റോണി (അറക്കുളം ന്യൂ ശാഖ) ബൈബിൾ റീഡിങ്, സബ് ജൂണിയർ ഗേൾസ്
7. മാത്യു എം. കുര്യാക്കോസ് (ചേർപ്പുങ്കൽ ശാഖ) ഉപന്യാസം, സൂപ്പർ സീനിയർ ബോയ്സ്
8. ജൂബിൾ ജോബി (തിടനാട് ശാഖ) ചിത്രരചന ജലച്ഛായം, സബ് ജൂണിയർ ഗേൾസ്
9. മാർഗംകളി (രാമപുരം ശാഖ)

**മൂന്നാം സ്ഥാനത്തിന് അർഹരായവർ**

1. മന്ന എൽസാ ജോസ് (ചെമ്മലമറ്റം ശാഖ) ലളിതഗാനം, ജൂണിയർ ഗേൾസ്
2. ലിയോ ജോസ് മധു (അരുവിത്തുറ ശാഖാ) മിഷൻ ക്വിസ്, ജൂണിയർ ബോയ്സ്
3. ഷോൺ കെ. ബിനോയി (ചേർപ്പുങ്കൽ ശാഖ) ലളിതഗാനം, ജൂണിയർ ബോയ്സ്
4. എമിൽ ജോഷി (തീക്കോയി ശാഖ) കഥാപ്രസംഗം, സീനിയർ ബോയ്സ്
5. എമിൽഡാ ജെയിസൺ (പ്ലാശനാൽ ശാഖ) പ്രസംഗം, സൂപ്പർ സീനിയർ ഗേൾസ്
6. സാം സോണി (ചേർപ്പുങ്കൽ ശാഖ) ലളിതഗാനം, സബ് ജൂണിയർ ബോയ്സ്
7. ജോസഫ് കെ.എം. (കൊണ്ടാട് ശാഖ) ഉപന്യാസം, സൂപ്പർ സീനിയർ ബോയ്സ്
8. സജിനി പോൾ (മരങ്ങോലി ശാഖ) ചെറുകഥ, സൂപ്പർ സീനിയർ ഗേൾസ്
9. ജോർജ് ജോസഫ് (കാഞ്ഞിരത്താനം ശാഖ) ചെറുകഥ, ജൂണിയർ ബോയ്സ്
10. വിക്ടോറിയ ചാൾസ് (പാലാ കത്തീഡ്രൽ ശാഖ) ഉപന്യാസം, സീനിയർ ഗേൾസ്

**ജൂണിയേഴ്സ് പ്രേഷിതപരിശീലനക്യാമ്പ്**

ജൂണിയർ വിഭാഗം (5, 6, 7, 8 ക്ലാസ്സുകളിലെ ആൺകുട്ടികളും പെൺകുട്ടികളും) മിഷൻലീഗ് അംഗങ്ങൾക്കുവേണ്ടിയുള്ള പ്രേഷിതപരിശീലനക്യാമ്പ് 2023 ഡിസംബർ 26, 27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തുന്ന താണ്.

**ദൈവവിളി ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത സംഘടിപ്പിക്കുന്ന ദൈവവിളി ക്യാമ്പ് 2023 ഡിസംബർ മാസം 28, 29 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടുന്നു. ദൈവവിളി ആഭിമുഖ്യമുള്ള 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

**മേഖലാസന്ദർശനം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതി നടത്തുന്ന മേഖലാസന്ദർശന ങ്ങൾ 2023 ഡിസംബർ മാസത്തിൽ നടത്തുന്നതാണ്.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

അരുവിത്തുറ മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് നവംബർ 26 ഞായറാഴ്ച വൈകിട്ട് 04 ന് പ്രസിഡന്റ് ടോം ജോസ് ഒട്ടലാങ്കലിന്റെ അധ്യക്ഷതയിൽ ചേർന്നു.

**2. കുഞ്ഞുമിഷനറി ക്വിസ്**

അരുവിത്തുറ മേഖലയിലെ മിഷൻലീഗ് അംഗങ്ങൾക്കായി നവംബർ 26 ഞായറാഴ്ച 02.30 ന് അരുവിത്തുറയിൽവച്ച് കുഞ്ഞുമിഷനറി ക്വിസ് നടത്തുന്നു.

**3. മേഖലാക്യാമ്പുകൾ**

താഴെപ്പറയുന്ന തീയതികളിൽ അരുവിത്തുറ മേഖലയിലെ കുട്ടികൾക്കായി ഗ്രാൻഡ് യൂക്കരിസ്റ്റിക് മിഷനെ ആധാരമാക്കി ഏകദിനക്യാമ്പുകൾ സംഘടി പ്പിക്കുന്നു.

സീനിയർ വിഭാഗം - 29/12/2023 വെള്ളി
അൾത്താരബാലന്മാർ - 02/01/2024 ചൊവ്വ
ജൂനിയർ വിഭാഗം - 26/01/2024 വെള്ളി

**ഇലഞ്ഞി മേഖല**

ഡിസംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മേഖലാതല മാഗസിൻ കോമ്പറ്റീഷനും പോസ്റ്റർ മേക്കിങ് കോമ്പറ്റീഷനും ഇലഞ്ഞിയിൽവച്ചു നടത്തുന്നു.

**ഭരണങ്ങാനം മേഖല**

**മേഖലാ എക്സിക്യൂട്ടീവ്**

എക്സിക്യൂട്ടീവ് യോഗം നവംബർ 19 ഉച്ചകഴിഞ്ഞ് 3 മണിക്ക് മേഖലാ ഓഫീ സിൽവച്ചു നടത്തപ്പെട്ടു. മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളെല്ലാം യോഗത്തിൽ പങ്കെടുത്തു.

**കൈയെഴുത്തുമാസിക & പോസ്റ്റർ രചനാമത്സരങ്ങൾ**

മേഖലാതല കൈയെഴുത്തുമാസിക & പോസ്റ്റർ രചനാമത്സരങ്ങൾ ഡിസംബർ 10 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തുന്നതാണ്.

**തീക്കോയി മേഖല**

നവംബർ മാസം 20 മുതൽ 25 വരെ തീയതികളിൽ മിഷൻലീഗിന്റെയും പിതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ഫുട്ബോൾ ടൂർണമെന്റ് നടത്തി.

**കടുത്തുരുത്തി മേഖല**

**മേഖല എക്സിക്യൂട്ടീവ്**

ചെറുപുഷ്പമിഷൻലീഗ് കടുത്തുരുത്തി മേഖലയുടെ മേഖല എക്സിക്യൂട്ടീവ് യോഗം നവംബർ 5 ഞായറാഴ്ച നടന്നു.

**ശാഖാസന്ദർശനം**

ചെറുപുഷ്പമിഷൻലീഗ് കടുത്തുരുത്തി മേഖലയുടെ ശാഖാസന്ദർശനങ്ങൾ നടന്നു. ആറു ശാഖകളിൽ സന്ദർശനം പൂർത്തിയായി.

**രാമപുരം മേഖല**

**കൈയെഴുത്തു മാസിക - പോസ്റ്റർ രചനാമത്സരങ്ങൾ**

ചെറുപുഷ്പമിഷൻലീഗ് രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ, സൺഡേ സ്കൂൾ കുട്ടികൾക്കായി കൈയെഴുത്തുമാസിക, പോസ്റ്റർ രചനാമത്സരങ്ങൾ നടത്തപ്പെടുന്നു. ഡിസംബർ 10 ഞായറാഴ്ച രാമപുരം സെന്റ് അഗസ്റ്റിൻ ഫൊറോനാപ്പള്ളി ഓഡിറ്റോറിയത്തിൽവച്ചാണു മത്സരം നടത്തപ്പെടുന്നത്.

**പൂഞ്ഞാർ മേഖല**

**മേഖലാ എക്സിക്യൂട്ടീവ്**

ചെറുപുഷ്പമിഷൻലീഗ് പൂഞ്ഞാർ മേഖലയുടെ എക്സിക്യൂട്ടീവ് യോഗം 19/11/2023 ഞായറാഴ്ച നടന്നു.

**കൈയെഴുത്തുമാസികാമത്സരവും പോസ്റ്റർ രചനാമത്സരവും**

2023 ഡിസംബർ 3 ഞായറാഴ്ച കൈയെഴുത്തുമാസികാമത്സരവും പോസ്റ്റർ രചനാമത്സരവും നടത്തപ്പെടുന്നു.

**മുട്ടുചിറ മേഖല**

**മേഖലാ എക്സിക്യൂട്ടീവ്**

05-11-2023 ൽ മേഖലാ എക്സിക്യൂട്ടീവും ജോയിന്റ് ഡയറക്ടേഴ്സിന്റെ മീറ്റിംഗും മേഖലാകേന്ദ്രത്തിൽ വച്ചു നടത്തി.

**വിശ്വാസപരിശീലകരുടെ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മുട്ടുചിറ മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ വിശ്വാസപരിശീലകരുടെ സംഗമം 2023 നവംബർ 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ വാലാച്ചിറ സെന്റ് സെബാസ്റ്റ്യൻസ് പള്ളി പാരിഷ് ഹാളിൽവച്ചു നടത്തപ്പെട്ടു. ഫൊറോന വികാരി വെരി റവ. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ക്ലാസ് നയിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് ചെങ്ങഴശ്ശേരിൽ,

വാലാച്ചിറ പള്ളി വികാരി റവ. ഫാ. ജോസഫ് വഞ്ചിപ്പുരയ്ക്കൽ, മേഖലാ പ്രസിഡന്റ് ഷാജൻ വളച്ചതിനകത്ത് തുടങ്ങിയവർ നേതൃത്വം നല്കി. സ്നേഹവിരുന്നോടെ 3.30 ന് സംഗമം സമാപിച്ചു.

**കുറവിലങ്ങാട് മേഖല**

**മീറ്റിങ്ങുകൾ**

ചെറുപുഷ്പമിഷൻലീഗ് കുറവിലങ്ങാട് മേഖല 3/11/2023 ന് ഓർഗനൈസിംഗ് മീറ്റിംഗും 4/11/2023 ന് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി.

**ചാൾസ് ബോറോമിയോയുടെ തിരുനാൾ**

3/11/2023 ന് ചാൾസ് ബോറോമിയോയുടെ തിരുനാൾ അനുസ്മരണം നടത്തി.

**കൈയെഴുത്തുമാസിക, പോസ്റ്റർ മത്സരങ്ങൾ**

26/11/2023 നു കൈയെഴുത്തുമാസിക, പോസ്റ്റർ മത്സരങ്ങൾ നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

## 'Wave' - Anti Narcotic Programme

കെ.സി.എസ്.എൽ ന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധപ്രചാരണത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്കായി **'Wave'** എന്ന പരിപാടി പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. സ്റ്റുഡന്റ്സ് ചെയർമാൻ അലൻ തോമസ് എം. അദ്ധ്യക്ഷത വഹിച്ചു. പാലാ രൂപത കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ സ്വാഗതം ആശംസിച്ചു. ഇതിന്റെ ഭാഗമായുള്ള ഗോൾ ചലഞ്ച് പാലാ ഡി.വൈ.എസ്.പി. എ.ജെ. തോമസ് കിക്ക് ഓഫ് ചെയ്തു. പാലാ രൂപത കോർപ്പറേറ്റ് എജ്യൂക്കേഷൻ സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം ആശംസകൾ അർപ്പിച്ചു. സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ റെജിമോൻ കെ. മാത്യു, ഹെഡ്മാസ്റ്റർ റെജി സെബാസ്റ്റ്യൻ, കെ.സി.എസ്.എൽ. പ്രസിഡന്റ് ജിജോ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ 17 വെള്ളിയാഴ്ച രാത്രി 8.30 മുതൽ 9.30 വരെ ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കെ.സി.എസ്.എൽ ന്റെ തുടർപ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചചെയ്തു തീരുമാനങ്ങളെടുത്തു.

**സാഹിത്യോത്സവം**

2023-24 വർഷത്തെ സാഹിത്യരചനാമത്സരങ്ങളിൽ ഓവറോൾ നേടിയ സ്കൂളുകൾ

**എച്ച്.എസ്.എസ്**

ഫസ്റ്റ് - ഹോളിക്രോസ് എച്ച്.എസ്.എസ്, ചേർപ്പുങ്കൽ
സെക്കന്റ് - സെന്റ് ആന്റണീസ് എച്ച്.എസ്.എസ്., പ്ലാശനാൽ
തേർഡ് -സെന്റ് മേരീസ് എച്ച്.എസ്.എസ്, അറക്കുളം

**എച്ച്.എസ്.**
ഫസ്റ്റ് – സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്
സെക്കന്റ് – എൽ. എഫ്.എച്ച്.എസ്, ചെമ്മലമറ്റം
തേർഡ് – സെന്റ് തോമസ് എച്ച്.എസ്, മരങ്ങാട്ടുപള്ളി
**യു.പി.**
ഫസ്റ്റ് – എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം
സെക്കന്റ് – ഹോളിക്രോസ് എച്ച്.എസ്.എസ്, ചേർപ്പുങ്കൽ
തേർഡ് – സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്

**അൽഫോൻസാ കളറിംഗ് രൂപതാതലമത്സരം**

ഈ വർഷത്തെ അൽഫോൻസാ കളറിംഗ് രൂപതാതലമത്സരം പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്, പാലാ ഷലോം പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലായി നവംബർ 18, 24 തീയതികളിലായി നടത്തപ്പെട്ടു.

**ബൈബിൾ പകർത്തിയെഴുത്ത്**

കെ.സി.എസ്.എൽ ന്റെ ആഭിമുഖ്യത്തിൽ 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരു വർഷം നീണ്ടുനിൽക്കുന്ന ബൈബിൾ പകർത്തിയെഴുത്തു സംഘടിപ്പിക്കുന്നു. കുട്ടികളിൽ ബൈബിൾ വായിക്കാനും എഴുതാനും അതുവഴി ബാല്യം ശക്തിപ്പെടാനും ഉതകുന്നതാണ് ഈ ബൈബിൾ പകർത്തിയെഴുത്ത്.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

---

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

---

**1. DCMS സംഘടിപ്പിച്ച ഉപവാസധർണ്ണയിൽ പങ്കെടുത്തു**

'ശബ്ദമില്ലാത്തവന്റെ ശബ്ദമാകുവാൻ ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യം ഉൾക്കൊണ്ട് അവകാശപ്പോരാട്ടങ്ങൾക്കായി ഉപവാസസമരം നടത്തിയ ഡി.സി.എം.എസ്. സംഘടനയ്ക്കു പൂർണ്ണ പിന്തുണ നൽകി എസ്.എം. വൈ.എം. രൂപതാകുടുംബം. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, ജനറൽ സെക്രട്ടറി ടോണി കവിയിൽ, ഡെപ്യൂട്ടി പ്രസിഡന്റ് ഡോൺ, ഗ്ലോബൽ പ്രസിഡന്റ് അഡ്വക്കേറ്റ് സാം സണ്ണി, സ്റ്റേറ്റ് സിൻഡിക്കേറ്റ് ജിയോ റോയ്, ജോയിന്റ് സെക്രട്ടറി മെർളിൻ സാബു, ട്രഷറർ എബി നൈജിൽ, മഞ്ജു തങ്കച്ചൻ, മാർട്ടിൻ വി. രാജു തുടങ്ങി രൂപതയിൽനിന്ന് അമ്പതോളം യുവജനങ്ങൾ പങ്കെടുത്തു.

**2. കരുതൽ**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഹ്വാനവും പാലാ രൂപതാസമിതിയുടെ പ്രോജക്റ്റും ഉൾക്കൊള്ളിച്ച് അഗതിമന്ദിരസന്ദർശനവും പൊതിച്ചോറുവിതരണവും എസ്.എം.വൈ.എം. അരുവിത്തറ യൂണിറ്റിന്റെ നേതൃത്വത്തിൽ മണിയംകുളം രക്ഷാഭവനിൽ നടത്തപ്പെട്ടു.

**3. വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ**

നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന് അരുൾചെയ്ത ഈശോയെ അനുകരിച്ചു ലോകത്തിൽ വചനത്തിന്റെ വിത്തുവിതറുവാൻ കുഞ്ഞുമക്കളെ പഠിപ്പിക്കുന്ന എല്ലാ അധ്യാപകർക്കും തിരുനാൾ മംഗളങ്ങൾ. ഭയം കൂടാതെ ഈശോയെ പ്രഘോഷിക്കുവാൻ കുഞ്ഞുമക്കളെ പഠിപ്പിക്കുന്ന എല്ലാവരെയും ദൈവം സമർത്ഥമായി അനുഗ്രഹിക്കട്ടെ. വാക്കുകളെക്കാൾ ഉപരിയായി ജീവിതത്തിലൂടെ മിശിഹായെ പകർന്നുകൊടുക്കുവാൻ നമുക്ക് ഈ കാലഘട്ടങ്ങളിൽ പരിശ്രമിക്കുകയും ജീവിക്കുകയും ചെയ്യാം. എല്ലാവർക്കും തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം രൂപത കുടുംബം നേരുന്നു.

**4. കെ.സി.വൈ.എം. സ്റ്റേറ്റ് സ്പോർട്സ് മീറ്റ്**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ തൃക്കാക്കരയിൽ (എറണാകുളം) നടന്ന കായികമത്സരങ്ങളിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**5.** KCBC മീഡിയ അവാർഡ് നേടിയ എസ്.എം.വൈ.എം. മുൻ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് മൂലയിൽ അച്ചനു രൂപതാകുടുംബം ആശംസകൾ നേർന്നു.

**6.** ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ് സിനിമയുടെ പ്രവർത്തകർക്കു സീറോ മലബാർ ആസ്ഥാനത്തുവച്ചു നടത്തിയ അനുമോദനച്ചടങ്ങിലും സമ്മാനദാനത്തിലും രൂപതാഭാരവാഹികൾ പങ്കുചേർന്നു.

**7. വടംവലിമാമാങ്കം**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപത സുവർണ്ണജൂബിലി വർഷത്തിൽ, വാരിയാനിക്കാട് യൂണിറ്റുമായി ചേർന്നു സംഘടിപ്പിച്ച വടംവലി മാമാങ്കത്തിന്റെ ഉദ്ഘാടനം വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു.

വടംവലിമാമാങ്കത്തിന്റെ വിജയികളായ ടീമംഗങ്ങൾക്ക് മാർ സ്ലീവാ മെഡിസിറ്റിയുടെ മാനേജിംഗ് ഡയറക്ടർ വെരി റവ.ഫാ. ജോസഫ് കണിയോടിക്കൽ സമ്മാനദാനങ്ങൾ വിതരണം ചെയ്തു. ആൺകുട്ടികളുടെ വാശിയേറിയ വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം കാവുംകണ്ടം യൂണിറ്റും, രണ്ടാം സ്ഥാനം വാരിയാനിക്കാട് യൂണിറ്റും, മൂന്നാം സ്ഥാനം നീലൂർ യൂണിറ്റും, നാലാം സ്ഥാനം കുറവിലങ്ങാട് യൂണിറ്റും കരസ്ഥമാക്കി. പെൺകുട്ടികളുടെ മത്സരത്തിൽ പൂവരണി യൂണിറ്റ് ഒന്നാം സ്ഥാനവും, രണ്ടാം സ്ഥാനം അരുവിത്തുറ യൂണിറ്റും, മൂന്നാം സ്ഥാനം വാരിയാനിക്കാട് യൂണിറ്റും, നാലാം സ്ഥാനം പൈക യൂണിറ്റും കരസ്ഥമാക്കി.

**8.** ലോകസുറിയാനിദിനത്തോടനുബന്ധിച്ച് പാലാ രൂപതാംഗങ്ങൾക്കായി സുറിയാനിപ്പാട്ടുമത്സരം നടത്തി. ഡിസംബർ 1 നു റിസൾട്ട് പ്രഖ്യാപിക്കും.

**9. ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ് സിനിമയ്ക്ക് പൂർണ്ണ പിന്തുണ നൽകി രൂപതാകുടുംബം**

അടിച്ചമർത്തലിന്റെ കനൽവഴികളിൽ മുഖം ഇരുണ്ടുപോയവരുടെ മുഖമായി, പോരാട്ടത്തിന്റെ ശബ്ദമുയർത്തിയ, സന്ന്യാസിനീസമൂഹത്തിന് അഭിമാനമായി മാറിയ വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ പുണ്യവതിയുടെ ചരിത്രം വിളിച്ചോ

തുന്ന സിനിമയാണ് ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ്. വളരെ മഹത്തായ ചിത്രീകരണത്തിലൂടെ ഈ സിനിമ ലോകം മുഴുവൻ എത്തിച്ച ഇതിന്റെ അണിയറ പ്രവർത്തകർക്കു രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ. റിവ്യൂ, സെൽഫി കോമ്പറ്റീഷനും നടത്തപ്പെട്ടു.

**10.** സുവർണ്ണജൂബിലിവർഷത്തിൽ YATP മുപ്പതാം ബാച്ചിലെ യുവനേതൃത്വങ്ങൾക്ക് അനുഭവപാഠങ്ങളും മികച്ച ക്ലാസുകളും നൽകി മുപ്പതാം YATP ബാച്ചിനു സമാപനം

പാലാ രൂപതയുടെ സുവർണ്ണജൂബിലി വർഷത്തിലെ മുപ്പതാം വൈ.എ.ടി.പി. ബാച്ചിന്റെ അവസാന ക്ലാസ്സ് മീറ്റിംഗ് ഷാലോം പാസ്റ്ററൽ ഇൻസ്റ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ടു. കൂടല്ലൂർ ഇടവകാംഗം ഏബൽ ജോഷി, പാലാക്കാട്ടുമല ഇടവകാംഗം ജിസ്മി ഷാജി എന്നിവരെയും മികച്ച വിദ്യാർഥികളായി തിരഞ്ഞെടുത്തു.

**11. വാർഷികസെനറ്റ്**

പാലാ രൂപതയുടെ വാർഷികസെനറ്റ് നടത്തപ്പെട്ടു. രണ്ടുദിവസം നീണ്ടുനിന്ന പ്രോഗ്രാമിൽ നൂറോളം യുവതീയുവാക്കൾ പങ്കെടുത്തു. വികാരി ജനറലുമായി സംവാദത്തിനും ആശയങ്ങൾ കൈമാറുന്നതിനും ജൂബിലിവർഷപ്രവർത്തനങ്ങൾ ചർച്ചചെയ്യുന്നതിനുംവേണ്ടിയുള്ള വേദിയായിരുന്നു വാർഷികസെനറ്റ്.

**12.** കുറവിലങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ അഭിവന്ദ്യപിതാവിന്റെ നിർദേശപ്രകാരം രൂപതാസമിതിയുടെ ആഹ്വാനമനുസരിച്ച് യുവജനസംഗമം നടത്തി. ആർച്ചുപ്രിസ്റ്റ് റവ. ഡോ. അഗസ്റ്റ്യൻ കൂട്ടിയാനി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ രൂപതാ ഡയറക്ടർ ആശംസപ്രസംഗം നടത്തി മുൻ കെ.സി വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടി ക്ലാസ് നയിച്ചു. രൂപതാ വൈസ് ഡയറക്ടർ സി. നവിനാ സി.എം.സി. രൂപതാ പ്രസിഡന്റ് തോമസ് ബാബു, എബി, മഞ്ജു എന്നിവർ ഉദ്ഘാടനസമ്മേളനത്തിൽ സംസാരിച്ചു.

**13. യൂണിറ്റ് - ഫൊറോന ഇലക്ഷൻ**

നവംബർ 30 നു മുമ്പായി യൂണിറ്റ് ഇലക്ഷൻ പൂർത്തീകരിക്കേണ്ടതാണ്. രൂപത വെബ്സൈറ്റ് ആയ www.smympala.org ൽ ഭാരവാഹികളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**14. സുവർണജൂബിലി**

YATP കുടുംബത്തോടുചേർന്ന് മെൻസ് ഡേ ആഘോഷിച്ചു. രൂപത ഡയറക്ടർ പ്രസിഡന്റിനു മധുരം നൽകി മെൻസ് ഡേ ആഘോഷത്തിൽ പങ്കുചേർന്നു. വനിതാപ്രവർത്തകരും YATP പെൺകുട്ടികളും ചേർന്നാണ് മെൻസ് ഡേ ആഘോഷത്തിനു നേതൃത്വം നൽകിയത്.

**15.** മൂന്നാമത് രൂപതാ എപ്പാർക്കിയിൽ അസംബ്ലിയിൽ രൂപതാ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, SMYM ഗ്ലോബൽ പ്രസിഡന്റ് സാം സണ്ണി, SMYM മുൻ രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ 2019 എക്സിക്യൂട്ടീവ് അംഗം ആന്റോ ജോസ്, മുൻ യൂണിറ്റ്, ഫൊറോന ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

ഡിസംബർ പതിനഞ്ചാം തീയതിക്കുമുമ്പായി എല്ലാ ഫൊറോനകളിലെയും ഇലക്ഷൻ നടത്തേണ്ടതാണ്. രൂപത ഇലക്ഷൻ - ജനുവരി 2.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**നൈറ്റ് വിജിൽ**

2023 നവംബർ 3 ന് വൈകിട്ട് 7 മണിമുതൽ പാലാ ളാലം പുത്തൻപള്ളിയിൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു.

**ജാഗോ പോസ്റ്റ് ഗാതറിങ്**

നവംബർ 11 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4 മണി വരെ പാലാ സെന്റ് തോമസ് കോളേജിൽവച്ച് ജാഗോ പോസ്റ്റ് ഗാതറിങ് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ വിശുദ്ധ കുർബാനയ്ക്കു നേതൃത്വം നൽകി. ജീസസ് യൂത്ത് നാഷണൽ കൗൺസിൽ മെമ്പർ സിന്റോ കാടാ സെഷൻ നയിച്ചു. ഏകദേശം 80 പേർ പങ്കെടുത്തു.

**കൃതജ്ഞത ആരാധന**

ജാഗോ കോൺഫറൻസ് നന്നായി നടത്തിയതിന് ഈശോയ്ക്കു നന്ദി പറഞ്ഞുകൊണ്ടുള്ള ആരാധന 2023 നവംബർ 5 വൈകിട്ട് 8.00 മണിക്ക് ഓൺ ലൈനായി നടത്തപ്പെട്ടു.

**ഹൗസ് ഹോൾഡ്**

2023 നവംബർ 5, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരിഷ് ഹാളിൽവച്ച് അരുവിത്തുറ ഹൗസ് ഹോൾഡ് നടത്തപ്പെട്ടു. പത്തോളം ആളുകൾ പങ്കെടുത്തു.

**ജോലിയോടൊപ്പം മിഷൻ**

പാലാ സോണിലെ ഏയ്ഞ്ചൽ മേരി ജയിംസ് കൊൽക്കത്തയിൽ ഒരു മാസത്തെ മിഷനുവേണ്ടി പോയി.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും സ്കൂൾ കുട്ടികളുടെ ദൈവാനുഭവം പങ്കുവയ്ക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**പാരിഷ് കോർ ടീം ഗാതറിങ്**

ജീസസ് യൂത്ത് പാലാ പാരിഷ് ടീമിന്റെ നേതൃത്വത്തിൽ 2023 നവംബർ 12 നു വൈകിട്ട് 8.00 മുതൽ 9.00 മണിവരെ ഓൺലൈനായി എല്ലാ ഇടവകകളിലെയും കോർ ടീമുകൾക്കായി ഗാതറിങ് നടത്തപ്പെട്ടു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1) 10/11/2023 രൂപതാ എക്സിക്യൂട്ടീവ് ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഡിസംബർ മാസത്തിൽ അഖണ്ഡ ബൈബിൾ വായന നടത്തുന്നതിനെപ്പറ്റി ചർച്ച ചെയ്തു.

2) 19/11/2023 കടുത്തുരുത്തി ഇടവകയിലെ വാർഷികത്തിലും ഇടവകദിനത്തിലും ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സംബന്ധിച്ചു.

3) 19/11/2023 തുടങ്ങനാട് ഇടവകയിലെ കുടുംബക്കൂട്ടായ്മാഭാരവാഹികളുടെ സമ്മേളനം നടന്നു. റവ. ഫാ. ജോൺസൺ പുള്ളീറ്റ് അദ്ധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് കുടുംബക്കൂട്ടായ്മയെക്കുറിച്ചു ക്ലാസെടുത്തു.

4) 28/11/2023 രൂപതാ കൗൺസിൽ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു.

5) നവംബർ 26 ന് മണ്ണയ്ക്കനാട് ഇടവകയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന് ഡയറക്ടറച്ചൻ ക്ലാസ്സെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**നവംബർ 11-13, 27-29** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 236 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഡിസംബർ 4-6, 18-20, ജനുവരി 1-3, 13-15** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

നവംബർ മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ പ്രൊഫ. ആൻസി ജോർജ്, റവ.ഡോ. ജോസഫ് കടുപ്പിൽ എന്നിവർ ക്ലാസ്സെടുത്തു. രണ്ടു മീറ്റിങ്ങുകളായി 352 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. രൂപതാസമിതി**

നവംബർ 10-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തപ്പെട്ടു.

**2. യൂണിറ്റുസന്ദർശനം**

നവംബർ 20 തിങ്കളാഴ്ച തീക്കോയി ഇടവകയിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ യൂണിറ്റുസന്ദർശനം നടത്തുകയും പിതൃവേദിയുടെ

നേതൃത്വത്തിൽ നടത്തപ്പെട്ട ഫുട്ബോൾ മത്സരം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**C. മാതൃവേദി**

**1. ഐക്യദാർഢ്യധർണ്ണ**

നവംബർ 1-ാം തീയതി രാവിലെ 9 മണിക്ക് DCMS സംഘടനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ധർണ്ണയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മാതൃ-പിതൃ സംഘടനയിലെ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും 84 പേരും ധർണ്ണയിൽ പങ്കെടുത്തു.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

നവംബർ 1-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**3. രൂപതാസമിതി**

നവംബർ 30-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തി.

**4. യൂണിറ്റ് സന്ദർശനം**

നവംബർ 5-ാം തീയതി മാതൃവേദി വേലത്തുശ്ശേരി യൂണിറ്റിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദർശനം നടത്തുകയും മാതൃവേദി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത മീറ്റിങ്ങിൽ രൂപത സെക്രട്ടറി ഷേർളി ചെറിയാൻ മാതൃവേദി അമ്മമാർക്ക് ക്ലാസ്സെടുത്തു.

**5. പ്രീസ്റ്റ് ഹോം, സ്നേഹഭവൻ സന്ദർശനം**

അരുവിത്തുറ, ഭരണങ്ങാനം യൂണിറ്റ് അംഗങ്ങൾ പ്രീസ്റ്റ് ഹോം സന്ദർശിക്കുകയും വൈദികരോടൊപ്പം സമയം ചെലവഴിക്കുകയും സ്നേഹവിരുന്നു നൽകുകയും ചെയ്തു. ഭരണങ്ങാനം യൂണിറ്റ് സ്നേഹഭവൻ സന്ദർശിച്ച് അവരോടൊപ്പം ചെലവഴിച്ചു.

**D. പ്രോലൈഫ്**

**1. മീറ്റിംഗ്**

നവംബർ 26-ാം തീയതി ഷലോം പാസ്റ്ററൽ സെന്റിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ സമിതി കൂടി.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**സീറോ മലബാർ മാട്രിമണി Christmasനോട് അനുബന്ധിച്ച് നമ്മുടെ ഇടവകയിലെ യുവതിയുവാക്കൾക്കായി നൽകുന്ന Christmas Special Offer. One Year Payment Package Rs. 4999/- (650 Contacts). ഒരു മാസത്തിനിടയിൽ (Nov. 24 to Dec. 24) Register ചെയ്യുന്നവർക്കാണ് ഈ ഓഫർ ലഭിക്കുക.**

**2. ഡയറക്ടേഴ്സ് മീറ്റിങ്**

നവംബർ 9-ാം തീയതി സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിങ് കാക്കനാട് വച്ചു നടത്തപ്പെട്ടു. മാട്രിമണിയുടെ നിലവിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തുകയും കൂടുതൽ മെച്ചപ്പെടുത്തുവാൻ വേണ്ട മാർക്കറ്റിങ്ങിനെക്കുറിച്ചും ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ – **7306293048**

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

## കത്തോലിക്കാ കോൺഗ്രസ്

**1. രൂപതാക്കമ്മിറ്റി**

വിപുലമായ രൂപതാക്കമ്മിറ്റി രാമപുരം സെന്റ് അഗസ്റ്റ്യൻസ് പാരിഷ് ഹാളിൽ 19.11.2023 ൽ ചേർന്നു. പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനറിപ്പോർട്ട് രൂപതാതലത്തിലേത് ജനറൽ സെക്രട്ടറിയും ഫൊറോനതലത്തിലേത് 17 ഫൊറോന പ്രസിഡന്റ്/സെക്രട്ടറിമാരും അവതരിപ്പിച്ചു. ഡയറക്ടർ പെരിയ ബഹു. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, എം.എം. ജേക്കബ്, സാജു അലക്സ് തുടങ്ങിയവർ സംസാരിച്ചു.

**2. അടുക്കളത്തോട്ടമത്സരം 2023**

ഒമ്പതാമത് അടുക്കളത്തോട്ടമത്സരം 2023 പ്രതികൂല കാലാവസ്ഥയിലും നന്നായി തുടരുന്നു. മാർക്ക് ഇടീൽ തീയതികൾ യൂണിറ്റ് തലത്തിൽ ഡിസംബർ 5, 6 തീയതികളിലും ഫൊറോനാതലത്തിൽ ഡിസംബർ 8,9 തീയതികളിലും രൂപതാതലത്തിൽ ഡിസംബർ 11, 12, 13 തീയതികളിലും നടക്കും കർഷകവേദി

ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിന്റെ നേതൃത്വത്തിൽ അവലോകനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

**3. അതിജീവനയാത്ര**

വന്യമൃഗ ആക്രമണപ്രശ്നം, റബർ, നെല്ല്, നാളികേരം ഉൾപ്പെടെയുള്ള കാർഷികകോത്പന്ന വിലത്തകർച്ച എന്നിവയ്ക്കു പരിഹാരം ആവശ്യപ്പെട്ടും ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടു കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനതല 'അതിജീവനയാത്ര' സംഘടിപ്പിക്കുന്നു.

ഡിസംബർ 11 ന് വെള്ളരിക്കുണ്ടിൽ ഉദ്ഘാടനം. തുടർന്ന്, തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ചാവക്കാട്, തൃശൂർ, ഇരിങ്ങാലക്കുട, എറണാകുളം, കോതമംഗലം, ഇടുക്കി, പാലാ, കാഞ്ഞിരപ്പിള്ളി, കോട്ടയം, ചെങ്ങനാശ്ശേരി രൂപതകൾ പിന്നീട് 22-ാം തീയതി തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ ധർണസമരത്തോടെ സമാപിക്കുന്നു. പാലാ രൂപതയിൽ 19-ാം തീയതി സിബിഗിരി ഇടവകയിലെ മുട്ടത്തുനിന്ന് ആരംഭിച്ച് തുടങ്ങനാട്, നീലൂർ, കുറുമണ്ണ്, പിഴക്, രാമപുരം, ചക്കാമ്പുഴവഴി പാലാ കുരിശുപള്ളിക്കവലയിലെത്തി ഭരണങ്ങാനം, അരുവിത്തുറ, തിടനാട്, ചെമ്മലമറ്റംവഴി കാഞ്ഞിരപ്പള്ളി രൂപതയിലേക്കു പോകുന്നു. എമ്മാനുവൽ നിധീരിയുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങൾ നടന്നുവരുന്നു. റൂട്ട് മാനേജരായി ജനറൽ സെക്രട്ടറി ജോസ് വട്ടുകുളത്തിനെയും മീഡിയ കോർഡിനേറ്ററായി എഡ്വിൻ പാപ്പാറയെയും ചുമതലപ്പെടുത്തി.

**4. കുറവിലങ്ങാട് യൂണിറ്റ്**

അന്നദാനം മഹാദാനം എന്ന മനുഷ്യസ്നേഹനിറവിൽ കുറവിലങ്ങാട് യൂണിറ്റിന്റെ നേതൃത്വത്തിൽ കുറവിലങ്ങാട് ഗവ. താലൂക്ക് ആശുപത്രിയിലെ കിടപ്പുരോഗികൾക്കും കൂട്ടിരിപ്പുകാർക്കും എല്ലാ ദിവസവും ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നതിന് നവംബർ 1-ാം തീയതി തുടക്കംകുറിച്ചു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ജോൺസൺ പുളിക്കിയിൽ പദ്ധതി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മത്തായി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് പ്രസിഡന്റ് ബ്രൈസ് ലൂക്കോസ്, സെക്രട്ടറി റെജി പടിഞ്ഞാറേട്ട്, ട്രഷറർ ജോയി പുന്നത്താനം, ജോയി ചേലക്കണ്ടം എന്നിവർ നേതൃത്വം നൽകി.

**5. ആദരാഞ്ജലികൾ**

തുടങ്ങനാട് ഫൊറോന ഡയറക്ടറായിരുന്ന പെരിയ ബഹു. തോമസ് പുല്ലാട്ടച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും സംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു. തീക്കോയി ഫൊറോന പ്രസിഡന്റ് സാന്റോ പുല്ലാട്ടിന്റെ സഹോദരനാണ്.

**6. സെക്രട്ടേറിയേറ്റ് ധർണ്ണ**

അതിജീവനയാത്രയുടെ സമാപനത്തിൽ ഡിസംബർ 22 ന് 11 മണിക്ക് സെക്രട്ടേറിയേറ്റ് പടിക്കൽ ധർണ്ണ നടത്തും. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം

പിതാവ് ധർണ്ണ ഉദ്ഘാടനം ചെയ്യും. അഞ്ചു ലക്ഷംപേർ ഒപ്പിട്ട ഭീമഹർജി സമർപ്പിക്കുന്നു. രൂപതയിൽനിന്നുള്ള പ്രതിനിധിസംഘം ധർണ്ണയിൽ പങ്കെടുക്കും.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കാർഷികരംഗത്ത് സംഘാതശ്രമദാനവുമായി ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ**

യുവജനങ്ങൾ കൃഷിയിൽനിന്ന് അകലുന്നുവെന്നു പറയപ്പെടുന്ന വേളയിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജ് എൻ.എസ്.എസ്. വോളണ്ടിയർമാർ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മുണ്ടുപാലം സ്റ്റീൽ ഇൻഡ്യാ കാമ്പസിൽ നടത്തുന്ന മരച്ചീനിക്കൃഷിക്കായി നിലം ഒരുക്കി ഉടലെടുത്ത് മരച്ചീനിക്കൃഷി ആരംഭിച്ചു. ഇതോടൊപ്പം കാബേജ്, കോളിഫ്ളവർ തുടങ്ങി ശീതകാല പച്ചക്കറികളും നടുകയുണ്ടായി. സംഘക്കൃഷിയുടെ ഉദ്ഘാടനം കോളജ് മാനേജരും വികാരി ജനറാളുമായ മോൺ. ജോസഫ് മലേപ്പറമ്പിൽ നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു.

**കുട്ടികളും കൃഷിയിലേക്ക്**

സ്കൂളുകളിൽ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും സംയുക്തമായി ആരംഭിച്ചു. കുട്ടികളും കൃഷിയിലേക്കു പദ്ധതിയുടെ ഈ വർഷത്തെ സമാപനം കുറിയ്ക്കുന്നതിന്റെ ഭാഗമായി വിവിധ മത്സരങ്ങളാണു പ്രഖ്യാപിച്ചത്. ഏറ്റവും നല്ല കർഷകക്ലബ്, മികച്ച കർഷക അധ്യാപകൻ, മികച്ച സ്കൂൾ, കർഷകവിദ്യാർത്ഥി എന്നീ മത്സരയിനങ്ങളിൽ വിലയിരുത്തലിനായി പി.എസ്.ഡബ്ല്യു.എസ്. ടീം രജിസ്റ്റർ ചെയ്ത എല്ലാ സ്കൂളുകളിലും എത്തി. ഡിസംബർ ആദ്യവാരം അവാർഡുകൾ വിതരണം ചെയ്യുന്നതാണ്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാമിലേക്കു പുതിയതായി 225 കുടുംബങ്ങളെ പി.എസ്.ഡബ്ല്യു.എസ്. തിരഞ്ഞെടുത്തു. വിധവകൾ/ഭർത്താവ് ഉപേക്ഷിച്ചവർ/ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ 40 ശതമാനത്തിലധികം വൈകല്യം ഉള്ളവർ/ക്യാൻസർ രോഗബാധിതരായ 13 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബങ്ങൾ എന്നിവരെയാണ് ഇതിലേക്കു തിരഞ്ഞെടുത്തത്. ജനുവരി അവസാനത്തോടെ ഇവരുടെ വേരിഫിക്കേഷൻ നടപടികൾ സേവ് എ ഫാമിലി കാനഡ ഓഫീസ് വഴിയായി പൂർത്തീകരിക്കും അർഹരായവർ ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഗുണഭോക്താക്കളായി മാറും.

ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാമിൽ നിലവിൽ അംഗങ്ങളായിരിക്കുന്ന കുടുംബങ്ങൾക്ക് 2024 വർഷത്തിൽ ലഭിച്ച തുകയുടെ 'ആക്ടിവിറ്റി പ്ലാനിംഗ്' നടപടികൾ ആരംഭിച്ചു. ഇതിൽ ഫണ്ട് ലഭിക്കുന്നതിനു മുന്നോടിയായി അവർ തങ്ങൾക്കു ലഭിക്കുന്ന ഫണ്ട് ഏതു പദ്ധതിക്കാണു വിനിയോഗിക്കുന്നതെന്നു വ്യക്തമാ

ക്കണം. ചെറുകിട ബിസിനസ്സ് സംരംഭങ്ങൾക്കാണ് ഈ വർഷം സേവ് എ ഫാമിലി മുൻതൂക്കം നൽകുന്നത്.

**സൺഡേ മാർക്കറ്റ് നീലൂർ**

ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നു കർഷകരെ സംരക്ഷിക്കാനും ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ഗ്രാമതലത്തിൽ ഉറപ്പുവരുത്തുന്നതിനുമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നീലൂർ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ നീലൂർ സൺഡേ മാർക്കറ്റിനു തുടക്കമായി നീലൂർ സെന്റ് ജോസഫ്സ് പള്ളിവികാരി ഫാ. ജോർജ് മടുക്കാലിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, പാലാ സാൻതോം എഫ്.പി.ഒ. ചെയർമാൻ സിബി കണിയാംപടി, കൃഷി ആഫീസർ മഞ്ജുദേവി തുടങ്ങിയവർ പ്രസംഗിച്ചു.

**മാൻവെട്ടം ഫുഡ് പ്രോഡക്ട്**

മാൻവെട്ടം ഫുഡ് പ്രോഡക്ട് ഓഹരിയുടമകൾക്ക് ലാഭവിഹിതം വിതരണം ചെയ്തു. മാതൃകാപരമായ രീതിയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന എഫ്.പി.ഒയ്ക്ക് വലിയ ജനപിന്തുണയാണു ലഭിച്ചുവരുന്നത്.

**മുട്ടക്കോഴിവിതരണം**

അഗ്രിമയിൽ ബി.വി. 380 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ആയിരത്തോളം കുഞ്ഞുങ്ങളാണു വിതരണത്തിനു തയ്യാറാക്കിയിരിക്കുന്നത്. എസ്.എച്ച്.ജി, സ്വാശ്രയസംഘം അംഗങ്ങൾക്കാണ് ഇവ വിതരണം ചെയ്യുന്നത്. ഹൈടെക് കോഴിക്കൂടുകൾ, കോഴിത്തീറ്റ, പ്രതിരോധമരുന്നുകൾ തുടങ്ങിയവയും അഗ്രിമയിൽ ലഭ്യമാണ്.

**ജൽജീവൻ മിഷൻ**

ഐ.എസ്.എ. പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയെ ജലവിഭവവകുപ്പുമന്ത്രി ശ്രീ റോഷി അഗസ്റ്റിൻ, കരൂർ പഞ്ചായത്ത് ഹാളിൽ വച്ചു നടത്തിയ ജൽജീവൻ മിഷൻ കുടിവെള്ളപദ്ധതിയുടെ ഉദ്ഘാടനവേളയിൽ അനുമോദിക്കുകയുണ്ടായി. പി.എസ്. ഡബ്ല്യു.എസിനുവേണ്ടി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ആദരം ഏറ്റുവാങ്ങി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**ഉപവാസധർണ്ണ**

പട്ടികജാതിയിൽനിന്നു ക്രൈസ്തവമതം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് അർഹമായ നീതി നിഷേധിക്കുന്ന കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സമീപനം കുറ്റകരവും തിരുത്തപ്പെടേണ്ടതുമാണെന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്. പരിവർത്തിതക്രൈസ്തവരെ പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. ദലിത് കത്തോലിക്കാമഹാജനസഭ പാലാ കുരിശുപള്ളിക്കവലയിൽ

നടത്തിയ ഉപവാസധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. പാർലമെന്റ് നിയമസഭ തിരഞ്ഞെടുപ്പുകളിൽ ദളിത് കത്തോലിക്കരെ സ്ഥാനാർഥികളാക്കാൻ രാഷ്ട്രീയപ്പാർട്ടികൾ തയ്യാറാകണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് ആവശ്യപ്പെട്ടു.

രൂപതാ പ്രസിഡന്റ് ബിനോയ് ജോൺ അദ്ധ്യക്ഷത വഹിച്ചു. രൂപതാ വികാരി ജനറൽമാരായ മോൺ. ജോസഫ് കണിയോടിക്കൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, തോമസ് ചാഴികാടൻ എം.പി., എം.എൽ.എമാരായ മാണി സി. കാപ്പൻ, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഫാ. ജോസ് കാക്കല്ലിൽ, ഫാ. ജോസ് മുത്തനാട്ട്, ഫാ. ജോസ് കുറ്റിയാങ്കൽ, ഫാ. കുര്യൻ തടത്തിൽ, ഫാ. ജോസഫ് തടത്തിൽ, ഫാ. ബർക്കുമാൻസ് കുന്നുപുറം, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. തോമസ് കിഴക്കേൽ, ഫാ. നിക്സൺ നരിതൂക്കിൽ, ഫാ. മാണി കൊഴുപ്പൻകുറ്റി, ഫാ. ജോസഫ് മുകളേപറമ്പിൽ, ഫാ. ജോർജ് നെല്ലിക്കുന്നത്തുചെരുവുപുരയിടം, ഫാ. ആൽബിൻ ഏറ്റുമാനൂക്കാരൻ, ഫാ. തോമസ് വാലുമ്മേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, പ്രൊഫ. ലോപ്പസ് മാത്യു, ഡിസിഎംഎസ്. സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ, ഡിസിഎംഎസ് സംസ്ഥാന സെക്രട്ടറി ബിജി സാലസ്, ജസ്റ്റിൻ കുന്നുംപുറം, ദലിത് ക്രൈസ്തവ ഏകോപനസമിതി കൺവീനർ ഷിബു ജോസഫ്, സിജു സെബാസ്റ്റ്യൻ പി.ഒ. പീറ്റർ, ബിന്ദു ആന്റണി, ബേബി ആന്റണി, ബാബു പീറ്റർ, ബിപിൻ ബേബി എന്നിവർ പ്രസംഗിച്ചു. കെ.സി.ബി.സി. എസ്.സി.എസ്.റ്റി., ബി.സി. കമ്മിഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം സമാപനസന്ദേശം നല്കി.

**അടിയന്തര രൂപതാകൗൺസിൽ**

DCMS സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ 2023 നവംബർ 28 ചൊവ്വാഴ്ച സെക്രട്ടറിയേറ്റു പടിക്കൽ നടത്തുന്ന മാർച്ചിനെയും ധർണ്ണയെയും സംബന്ധിച്ചു ചർച്ച ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി 2023 നവംബർ 12 നു ഷലോം പാസ്റ്ററൽ സെന്ററിൽ അടിയന്തര രൂപതാ കൗൺസിൽ വിളിച്ചുചേർത്തു. രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും രൂപതാകമ്മിറ്റിയംഗങ്ങളും പങ്കെടുത്തു.

**KCMS സ്കോളർഷിപ്പ് വിതരണം**

2022-2023 വർഷത്തിലെ KCMS സ്കോളർഷിപ്പ് വിതരണം 2023 നവംബർ 18 ശനിയാഴ്ച രാവിലെ ഷലോം പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സി.ആർ.ഐ. പാലാ പ്രൊവിൻസ് പ്രസിഡന്റ് ഫാ. ജോർജ് കൂനാട്ട് വി.സി. രൂപതയിൽനിന്നുള്ള 33 കുട്ടികൾക്കു സ്കോളർഷിപ്പ് വിതരണം ചെയ്തു.

**എപ്പാർക്കിയൽ അസംബ്ലി**

പാലാ രൂപത മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയിൽ രൂപതയിൽനിന്ന് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ,

സെക്രട്ടറി ബിന്ദു ആന്റണി, ജസ്റ്റിൻ മാത്യു, ഫ്രാൻസിസ് ജോസഫ് എന്നിവർ പങ്കെടുത്തു.

**41-ാമത് ബൈബിൾ കൺവൻഷൻ ആലോചനാമീറ്റിംഗ്**

41-ാമത് ബൈബിൾ കൺവൻഷനോടനുബന്ധിച്ച് ബിഷപ്സ് ഹൗസിൽ വച്ചുനടന്ന ആലോചനാമീറ്റിങ്ങിൽ രൂപതയിൽനിന്നു രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

**ദളിത് ക്രൈസ്തവ സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും**

ദളിത് ക്രൈസ്തവർക്കു പതിറ്റാണ്ടുകളായി നിഷേധിക്കപ്പെട്ട അവകാശങ്ങൾക്കുവേണ്ടിയുള്ള സമരമാണു നടത്തുന്നതെന്നും അവരോട് സർക്കാരുകൾ പുലർത്തുന്ന അനീതി അവസാനിപ്പിക്കണമെന്നും തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് ഡോ. തോമസ് ജെ. നെറ്റോ അഭിപ്രായപ്പെട്ടു. ദളിത്ക്രൈസ്തവ ഏകോപനസമിതിയുടെ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങളുന്നയിച്ച് സെക്രട്ടേറിയറ്റിലേക്കു നടത്തിയ മാർച്ച് ഫ്ളാഗ് ഓഫ് ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ചുബിഷപ്. അധികാരികളുടെ ഭാഗത്തുനിന്നു നീതി ലഭിക്കാനായുള്ള പോരാട്ടത്തിന്റെ ഭാഗമായാണ് ഈ മാർച്ച്. ദളിത്ക്രൈസ്തവർക്കു ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ ലഭ്യമാക്കണമെന്നും ആർച്ചുബിഷപ് കൂട്ടിച്ചേർത്തു.

പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിനു മുന്നിൽനിന്നാരംഭിച്ച മാർച്ച് സെക്രട്ടേറിയറ്റിനു മുന്നിൽ സമാപിച്ചു. തുടർന്നു നടന്ന ധർണ ഡോ. ശശി തരൂർ എംപി ഉദ്ഘാടനം ചെയ്തു. ദളിത്ക്രൈസ്തവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ഉത്തരവാദിത്വമുണ്ടെന്നും ദളിത് ക്രൈസ്തവരുടെ വിഷയങ്ങളിൽ കോൺഗ്രസ് എപ്പോഴും അനുകൂലനിലപാടു സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മാനേജ്മെന്റ്, കമ്യൂണിറ്റിക്വാട്ടയിൽ പ്രവേശനം നേടുന്ന ദളിത്ക്രൈസ്തവവിദ്യാർഥികൾക്ക് 1957 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ പിന്നാക്കവിഭാഗ വികസനവകുപ്പ് നിഷേധിച്ചതു പിൻവലിക്കുക, ദളിത്ക്രൈസ്തവരുടെ ഭരണഘടനാപരിരക്ഷ ഉറപ്പുവരുത്തുന്നതിന് സംസ്ഥാനസർക്കാർ പ്രത്യേക പ്രമേയം പാസാക്കി കേന്ദ്രസർക്കാരിനു നല്കുക, ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക, ജാതി സെൻസസ് എടുക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സെക്രട്ടേറിയറ്റ് മാർച്ച്.

ബിഷപ് ഗീവർഗീസ് മാർ അപ്രേം മുഖ്യപ്രഭാഷണം നടത്തി. ആർച്ചു ബിഷപ് മോസ്റ്റ് റവ.ഡോ. റോബിൻസൺ ഡേവിഡ് ലൂഥർ, ബിഷപ് റൈറ്റ് റവ.ഡോ. സെൽവദാസ് പ്രമോദ്, ബിഷപ് റൈറ്റ് റവ.ഡോ. മാത്യൂസ് മോർ സിൽവാനസ്, റവ.ഡോ. ജെ.ഡബ്ല്യു. പ്രകാശ് (സി.എസ്.ഐ, ദക്ഷിണ കേരള) ,ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടറും ദളിത് ക്രൈസ്തവ ഏകോപനസമിതി രക്ഷാധികാരിയുമായ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. അഭിവാദ്യം ചെയ്തു സംസാരിച്ചു. ദളിത് ക്രൈസ്തവ

ഏകോപനസമിതി കൺവീനർ ഷീബു ജോസഫ് സ്വാഗതം ആശംസിച്ചു. ദളിത്ക്രൈസ്തവ ഏകോപനസമിതി ചെയർമാൻ ജെയിംസ് ഇലവുങ്കൽ അധ്യക്ഷതവഹിച്ച യോഗത്തിൽ ഡിസിഎംഎസ് മുൻ സംസ്ഥാന ഡയറക്ടർ ഫാ. ജോൺ അരീക്കൽ, ഡിസിഎംഎസ്. മുൻ സംസ്ഥാന ഡയറക്ടർ ഫാ. ഷാജുകുമാർ, ഡിസിഎംഎസ്. അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, കെ.എൽ. സി.ഡി.സി. സി.സി.സി കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുത്തൻവീട്ടിൽ, കെ.എൽ.സി.എ. സംസ്ഥാന സെക്രട്ടറി ബിജു ജോസി, കൺവീനർ ഷിബു ജോസഫ്, കോ-ഓർഡിനേറ്റർ സണ്ണി കാഞ്ഞിരം, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയംഗം ജേക്കബ് നിക്കോളാസ്, ഡിസിഎംഎസ്. പാലാ രൂപത പ്രസിഡന്റ് ബിനോയ് ജോൺ, ഡിസിഎംഎസ് സംസ്ഥാന സെക്രട്ടറി ബിജി സാലസ്, സംസ്ഥാനകമ്മിറ്റി അംഗങ്ങൾ ബാബു പീറ്റർ, പീ.ഒ. പീറ്റർ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, രൂപത ഓർഗനൈസർ ബേബി ആന്റണി, രൂപത വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, രൂപത ജോയിന്റ് സെക്രട്ടറി ബിപിൻ ബേബി, രൂപത ഖജാൻജി മേരി എം.പി, രൂപത കമ്മിറ്റി അംഗങ്ങൾ ഫ്രാൻസീസ് ജോസഫ്, ജോസിമോൻ തോമസ്, സണ്ണി പി.എം. എന്നിവർ സന്നിഹിതരായിരുന്നു. കേരളത്തിലെ വിവിധ രൂപതകളിൽനിന്നും വിവിധ ക്രൈസ്തവസഭകളിൽനിന്നും സംഘടനകളിൽനിന്നുമായി രണ്ടായിരത്തോളം പ്രതിനിധികൾ ധർണ്ണയിൽ പങ്കെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**മീറ്റിംഗ്**

3-11-2023 കെയർ ഹോംസ് എല്ലാ സ്ഥാപനങ്ങളുടെയും അധികാരികളുടെ മീറ്റിംഗ് നടത്തി. വികാരി ജനറാൾ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തുകയും വിവിധ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികളും സാധ്യതകളും ചർച്ചചെയ്യുകയും ചെയ്തു.

**സന്ദർശനം**

സെന്റ് വിൻസെന്റ് പ്രൊവിഡന്റ് ഹൗസ് ഓൾഡ് ഏജ് ഹോം, എലെയ്ന സാപ്പിയോ, സ്നേഹാലയം എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: 8304981275 (O), 9400661492 (P)

**2. ക്ഷേമനിധി ആനുകൂല്യങ്ങൾ - വിവാഹധനസഹായം**

അസംഘടിത തൊഴിലാളി ക്ഷേമനിധിയിലെ നാല് അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ആനുകൂല്യമായ 10000/- രൂപ വീതം ലഭിച്ചു.

**3. ക്ഷേമനിധി പുതുക്കൽ**

സുരക്ഷാക്ഷേമനിധിയിലെ അംഗങ്ങളുടെ വാർഷിക പുതുക്കൽ തുടങ്ങിയിരിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിംഗ്)**

നവംബർ 5,12,19,26 തീയതികളിൽ AA മീറ്റിംഗുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൽ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം നവംബർ 11-ാം തീയതി ശനിയാഴ്ച രാവിലെ 11.30 ന് നടന്നു.

**ലഹരിവിരുദ്ധക്ലാസുകൾ**

കോളേജ്, സ്കൂൾ എന്നിവ കേന്ദ്രീകരിച്ചു ലഹരിവിരുദ്ധബോധവത്കരണ ക്ലാസുകൾ വിവിധ സമ്പർക്കപ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു. സെന്റ് ജോസഫ് കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, ചുണ്ടച്ചേരി, സെന്റ് അലോഷ്യസ് എച്ച്.എസ്. മണലുങ്കൽ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണു നടത്തപ്പെട്ടത്. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, അഡാർട്ട് കൗൺസിലേഴ്സ് എന്നിവർ നേതൃത്വം വഹിച്ചു.

**ഗാന്ധിദർശൻ ക്വിസ് മത്സരം**

ഗാന്ധിദർശൻ കർമപദ്ധതിയുടെ ഭാഗമായി സ്കൂൾതല ക്വിസ് മത്സരത്തിന്റെ പ്രാഥമികറൗണ്ടിനുവേണ്ടി സ്കൂൾ സന്ദർശനം നടത്തുകയും രജിസ്ട്രേഷൻ ചെയ്യുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് സംസ്ഥാതലമത്സരം 2023 നവംബർ 18, 19 തീയതികളിൽ എറണാകുളം പി.ഒ.സിയിൽ വച്ചുനടന്നു. ഭരണങ്ങാനം ഇടവകാംഗം

ബാബു പോൾ പെരിയപ്പുറം സംസ്ഥാനതലത്തിൽ ഇ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

എ. വിഭാഗത്തിലെ ആഗ്നസ് റിജോ കുറവിലങ്ങാട്, ബി വിഭാഗത്തിലെ ലിസ്മരിയ അരുവിത്തുറ, ഡി വിഭാഗത്തിലെ നൈസി തോമസ് ചെമ്മലമറ്റം, അനീറ്റ തോമസ് ഏന്തയാർ, ഇ വിഭാഗത്തിലെ ആലീസ് മാത്യു തീക്കോയി എന്നിവർ സംസ്ഥാനതലത്തിൽ നാലാം സ്ഥാനം നേടി.

ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള മത്സരത്തിൽ മണ്ണയ്ക്കനാട് സ്പെഷ്യൽ സ്കൂളിലെ നേഹൽ മരിയ ടോണി, കാതറിൻ ജോർജ്, ചാൾസ് ആന്റണി ജേക്കബ് എന്നിവർക്ക് സംസ്ഥാനതലത്തിൽ നാലാം സ്ഥാനം ലഭിച്ചു.

**ലോഗോസ് ഫാമിലി ക്വിസ്**

രൂപതാതലത്തിൽ നടന്ന ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ കുടക്കച്ചിറ ഇടവകയിലെ സതീഷ് അഗസ്റ്റിൻ പുത്തുപ്പിള്ളിൽ ഫാമിലി ഒന്നാം സ്ഥാനം നേടി. റവ.ഡോ. തോമസ് നാഗനൂലിൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 10,000/- രൂപയുമാണു ലഭിക്കുക. കാവാലി ഇടവകയിലെ എം.സി. മാത്യു മടിയ്ക്കാങ്കൽ ഫാമിലി രണ്ടാം സ്ഥാനവും ഇടപ്പാടി ഇടവകയിലെ ജോബി മാത്യു കുടക്കച്ചിറ ഫാമിലി മൂന്നാംസ്ഥാനവും കരസ്ഥമാക്കി.

നവംബർ 18 ന് നടന്ന സംസ്ഥാന ലോഗോസ് ഫാമിലി മത്സരത്തിൽ സതീഷ് അഗസ്റ്റിൻ പുത്തുപ്പിള്ളിൽ ഫാമിലി നാലാം സ്ഥാനം കരസ്ഥമാക്കി.

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് കുറവിലങ്ങാട് ഇടവക സംസ്ഥാനതലത്തിൽ ഒന്നാമതെത്തി. പ്രത്യേകം ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച രൂപതകളിൽ നമ്മുടെ രൂപതയ്ക്ക് മൂന്നാംസ്ഥാനം ലഭിച്ചു. നമ്മുടെ കൂട്ടായ വിജയത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദിയും പ്രാർത്ഥനയും നേരുന്നു.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ നവംബർ മാസത്തെ ക്ലാസ് റവ. ഡോ. സിറിയക് വലിയകുന്നുംപുറം നയിച്ചു. അടുത്ത ക്ലാസ് ഡിസംബർ 9 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** ഇവാഞ്ചലൈസേഷൻ സിസ്റ്റേഴ്സ് മീറ്റിങ്ങും പ്രാർത്ഥനയും 21-11-23 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ഇടുക്കി, കോതമംഗലം, കാഞ്ഞിരപ്പിള്ളി, ചങ്ങനാശേരി രൂപതകളിൽനിന്നുള്ള ബഹു. സിസ്റ്റേഴ്സും പങ്കെടുത്തു.

**2.** നവം 12, 28 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസെടുത്തു.

**3.** നവം. 5 ന് ഫാത്തിമാപുരം ഇടവകയിൽ ക്ലാസ് എടുത്തു.

**4.** നവം.16 ന് അരമനയിൽ വച്ച് ജാഗ്രതാസമിതിയുടെ രൂപതാ കൗൺസിൽ ചേർന്നു തുടർ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ബൈബിൾ കൺവൻഷൻ

**1.** രൂപത മുഴുവനിലുമുള്ള ആദ്യഘട്ട മൊബിലൈസേഷൻ പൂർത്തിയാക്കി. പ്രാർത്ഥനാകാർഡുകൾ, പോസ്റ്റർ, കൂപ്പൺ തുടങ്ങിയവ ഇടവകകളിൽ എത്തിച്ചു.

**2.** നവം 25 ന് അരമനയിൽ ചേർന്ന യോഗത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചു. ഇതു വരെയുള്ള കാര്യങ്ങൾ വിശദീകരിച്ചു. കൂടുതൽ ദൈവജനത്തെ കൺവൻഷനിൽ എത്തിക്കാനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചു.

**3.** നവം 29 ന് കൺവൻഷൻ പന്തലിന്റെ കാൽനാട്ടുകർമ്മം അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മുതൽ ഉച്ചയ്ക്ക് 2.15 വരെയും ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. നവംബർ മാസത്തിൽ ശ്രീ ബാബു തൊമ്മനാമറ്റം, ശ്രീ ഷാജി മൂലമറ്റം, സി. ലിസി വള്ളിപ്പാലം SABS, റവ. ഫാ. മാത്യു കാടൻകാവിൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചയായ നവംബർ 25 ന് ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണിമുതൽ 11 മണിവരെ നടത്തപ്പെട്ടു. ശ്രീ ബാബു തൊമ്മനാമറ്റം (കരിസ്മാറ്റിക് പാലാ സോൺ കോർ ഓർഡിനേറ്റർ) വചനപ്രഘോഷണം നടത്തി.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ് മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവന സമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

**3. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരു ദിവസം 3 മണിക്കൂർ വീതം 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന സെമിനാർ ഇലഞ്ഞി, രാമപുരം സബ് സോണുകളിൽ നടന്നുകൊണ്ടിരിക്കുന്നു കോതനല്ലൂർ സബ് സോണിൽ സ്ലീവാപുരം ഇടവകയിലും സിസ്റ്റേഴ്സിനായി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചും ആരംഭിക്കുവാൻ സാധിച്ചു.

**4. ജൂബിലേവൂസ് 2026 ഉം KCSC വിസിറ്റിങ്ങും**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണജൂബിലി സഹസ്ര ദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ – മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായി നല്കപ്പെട്ടിരിക്കുന്ന നവംബർ 7 ശനി ചേർപ്പുങ്കൽ മാർ സ്ലീവാ ദൈവാലയത്തിൽ വച്ച് ഉപവാസ – മദ്ധ്യസ്ഥപ്രാർത്ഥനയും കേരള കാരിസ് സർവീസ് ഓഫ് കമ്മ്യൂണിയൻ (KCSC) വിസിറ്റിങ്ങും നടത്തുകയുണ്ടായി.

റവ. ഫാ. ജോസഫ് പാനാമ്പുഴ തിരിതെളിച്ചു ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു റവ. ഫാ. ജോസഫ് താമരവെളി (കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി), ശ്രീ സന്തോഷ് തലച്ചിറ (KCSC ജോയിൻ കോ ഓർഡിനേറ്റർ), ശ്രീമതി സുനിത അശോക് നെയ്യാറ്റിൻകര (KCSC സർവീസ് ടീം അംഗം) എന്നിവർ പങ്കെടുത്തു വചനശുശ്രുഷ നൽകുകയുണ്ടായി. റവ. ഫാ. തോമസ് ഓലായത്തിലും (ചേർപ്പുങ്കൽ സബ് സോൺ ആനിമേറ്റർ) സർവീസ് ടീം അംഗങ്ങളും ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**5.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി നവംബർ 11 ന് സെന്റ് തോമസ് ചീങ്കല്ലേൽ പള്ളിയിലും പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിലും വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**6.** പാലാ കരിസ്മാറ്റിക് സോൺ യൂത്ത് മിനിസ്ട്രി (YU4C) നവംബർ 25 ശനി പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് യുവജനധ്യാനം നടത്തുകയുണ്ടായി.

**7.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെവഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെടുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. യൂണിറ്റ് സമ്മേളനം**

ജീസസ് ഫ്രറ്റേണിറ്റി പാലാ യൂണിറ്റംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും, യൂണിറ്റുതല മാസസമ്മേളനവും പ്രാർത്ഥനയോഗങ്ങളും നടത്തി.

**2. ജയിൽസന്ദർശനം**

മുട്ടം ഇടുക്കി ജില്ലാജയിൽ, മീനച്ചിൽ സബ് ജയിൽ പാലാ എന്നിവിടങ്ങൾ സന്ദർശിച്ച് ജയിൽ അധികാരികളുമായി ചർച്ചനടത്തുകയും മാറിവന്ന സാഹചര്യത്തിൽ ജയിലുകളിൽ കൗൺസിലിംഗ് സഹായവും ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള കുമ്പസാരം, വി. കുർബാന തുടങ്ങിയ ആത്മീയശുശ്രൂഷകൾ നടത്തുന്നതിനെക്കുറിച്ചും ജയിൽദിനത്തോടനുബന്ധിച്ച് ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ഭാഗം ചർച്ചകൾ നടത്തി.

**3. ജയിൽ ലൈബ്രറിയിൽ പുസ്തകവിതരണം**

കൂടല്ലൂർ ഇടവകയിലെ മാതൃവേദി, എസ്. എം.വൈ.എം. സംഘടനകളുമായി

സഹകരിച്ച് പാലാ സബ്ജയിലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ക്രമീകരിച്ച ലൈബ്രറിയിലേക്കു പുസ്തകങ്ങൾ വിതരണം ചെയ്തു. ക്രമീകരിച്ച പച്ചക്കറിക്കൃഷിക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ജയിൽ അന്തേവാസികൾക്കായി പാത്രങ്ങളും മറ്റും വിതരണം ചെയ്യുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം: രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗ സമർപ്പണം, 10 മണിമുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്കു പൂർത്തിയാകുന്ന ധ്യാനം - നവംബർ 11 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**2.** ഒക്ടോബർ 25 ന് പാലാ രൂപത ഡി.സി.എം.എസ്. സെൻട്രൽ കൗൺസിൽ മെമ്പേഴ്സിനായി ഏകദിന നവീകരണധ്യാനം നടത്തി.

3. മൗണ്ട് നെബോ ആബാഭവനത്തിൽ നടത്തപ്പെടുന്ന ദൈവരാജ്യാനുഭവധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾമാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്നു.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത രണ്ടു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2023 ഡിസംബർ 9, 9 am – 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2023 ഡിസംബർ 26, 5 pm - 2024 ജനു 1, 9 am: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2024 ജനുവരി 21, 5 pm - ജനു 31, 9 am: നവദിന ദൈവരാജ്യാഭിഷേകധ്യാനം (മൗണ്ട് നെബോയിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം കൂടിയിട്ടുള്ളവർക്കുള്ള വളർച്ചാധ്യാനം).

ബുക്കിംഗിന്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

2023 നവംബർ ഒന്നാം തീയതി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചരമവാർഷികദിനത്തിൽ രൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്നും അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന എടത്വ സെന്റ് ജോർജ് ഫൊറോന

ദൈവാലയത്തിലേക്കു തീർത്ഥാടനം നടത്തി. അന്നേദിവസം അഭിവന്ദ്യ ചങ്ങനാശ്ശേരി ആർച്ചു ബിഷപ് മാർ ജോസഫ് പെരുന്തോട്ടം വിശുദ്ധ കുർബാന അർപ്പിക്കുകയും കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

SFO അരുവിത്തുറ റീജിയന്റെ കീഴിൽ പ്രവർത്തിക്കുന്ന പെരിങ്ങുളം തിരുഹൃദയ ദൈവാലയത്തിലെ SFO യൂണിറ്റിൽ നവംബർ അഞ്ചാം തീയതി ഞായറാഴ്ച രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. ആന്റണി വെച്ചൂർ OFM Cap. ന്റെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനം നടത്തുകയുണ്ടായി. യൂണിറ്റ് സന്ദർശനത്തോടനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിക്കുകയും ഫ്രാൻസിസ്കൻ അല്മായസഭയിലൂടെ ജീവിതവിശുദ്ധീകരണം പ്രാപിക്കുന്നതിനു വിശ്വാസികൾ ഏവരെയും SFO കൂട്ടായ്മയിലേക്കു ക്ഷണിക്കുകയും ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയെക്കുറിച്ചു വിശുദ്ധ കുർബാനയിൽ സംസാരിക്കുകയും ചെയ്തു. തുടർന്നുനടന്ന പ്രാർത്ഥനാക്കൂട്ടായ്മയിലും പൊതുയോഗത്തിലും വച്ച് സഭാംഗങ്ങളായി ആറുമാസം പൂർത്തിയാക്കിയവർക്കു പ്രാഥമികവ്രതവാഗ്ദാനകർമ്മവും ഒരു വർഷം പൂർത്തിയായവർക്കു പ്രതിജ്ഞാപനകർമ്മവും ബഹുമാനപ്പെട്ട സ്പിരിചൽ അസിസ്റ്റന്റ് നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട വികാരി ഫാദർ മാത്യു പാറത്തൊട്ടിയിൽ, SFO രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ, അരുവിത്തുറ റീജിയൻ പ്രസിഡന്റ് ബ്രദർ സി.ജെ തോമസ് ചാലിൽ, റീജിയൻ സമിതി ഭാരവാഹികൾ എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ടു സംസാരിച്ചു. കോട്ടയം സെന്റ് Joseph's capuchin province ന്റെ ആസ്ഥാനത്തുവച്ച് നവംബർ മാസം 12-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 30 ന് പ്രൊവിൻസിന്റെ കീഴിലുള്ള ചങ്ങനാശ്ശേരി, പാലാ, കോട്ടയം, ഇടുക്കി, കോതമംഗലം രൂപതകളിലെ റീജിയൻ പ്രസിഡന്റുമാരുടെ സംയുക്തയോഗം SFO Syro Malabar സ്പിരിച്ചൽ അസിസ്റ്റന്റ് റവ. ഫാ. മൈക്കിൾ parusseril OFM Cap ന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി.

കേരളത്തിൽ അല്മായസഭയ്ക്കു ബീജാവാപം നടത്തുകയും പല ഇടവക ദൈവാലയങ്ങളിലും അല്മായസഭയുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു മുൻകൈയെടുക്കുകയും ചെയ്ത 'കേരള അസ്സീസി' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവചരിത്രം - സുവിശേഷഭാഗ്യങ്ങളുടെ മനുഷ്യൻ - എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് പ്രൊഫസർ ജെയിംസ് സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിംഗ്**

10-11-2023 - ഫൊറോനാ പ്രസിഡന്റുമാരുടെ മീറ്റിംഗ് കൂടി.

ഫൊറോന പ്രസിഡന്റുമാർ:

| | |
|---|---|
| അരുവിത്തുറ | - ജോസ് ജോസഫ് കിഴവഞ്ചിയിൽ |
| ഭരണങ്ങാനം | - ചാക്കോച്ചൻ കളപ്പുര |

| | |
|---|---|
| കുറവിലങ്ങാട് | - ജോസഫ് വട്ടത്തോട്ടത്തിൽ |
| പൂഞ്ഞാർ | - ജോസുകുട്ടി ജോസഫ് അറയ്ക്കപ്പറമ്പിൽ |
| തുടങ്ങനാട് | - ബിജു മാത്യു കദളിയിൽ |
| ചേർപ്പുങ്കൽ | - ജെയ്സൺ ജോസഫ് |
| കൂട്ടിക്കൽ | - പി.കെ. കോശി പാറയ്ക്കൽ |
| മൂലമറ്റം | - ജോസുകുട്ടി ജോസഫ് അറയ്ക്കപ്പറമ്പിൽ |

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഇൻഫാം റീജിയണൽ സമ്മേളനം**

ഇൻഫാം മധ്യകേരളാ റീജിയൻ സമ്മേളനം നവംബർ 8-ാം തീയതി കാഞ്ഞിരപ്പള്ളി പാറത്തോട് ഇൻഫാം കേന്ദ്രത്തിൽവച്ചു നടത്തപ്പെട്ടു. പാലാ ജില്ലയിൽനിന്ന് ഡോ. കെ.കെ. ജോസ് മാത്യു മാമ്പറമ്പിൽ, തോമസ് മറ്റം, ഉണ്ണിക്കുഞ്ഞ് വെള്ളൂക്കുന്നേൽ, ബേബി പന്തപ്പള്ളി, ബെന്നി തുളുവനാനിയിൽ തുടങ്ങിയവർ പങ്കെടുത്തു. ആനുകാലിക കാർഷികവിഷയങ്ങൾ ചർച്ച ചെയ്തു ഭാവിപരിപാടികൾ ആസൂത്രണം ചെയ്തു. എല്ലാ രൂപതാജില്ലകളിലും മേഖല - താലൂക്ക് സമ്മേളനങ്ങൾ നടത്തി. പുതിയ നേതൃത്വത്തെ കൊണ്ടുവരുവാൻ തീരുമാനിച്ചു.

**2. അരുവിത്തുറ മേഖലാസമ്മേളനം**

17-11-2023 വെള്ളിയാഴ്ച രാവിലെ 5 ന് അരുവിത്തുറ പാരിഷ് ഹാളിൽ വച്ചു നടന്ന സമ്മേളനം റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അരുവിത്തുറയിൽനിന്ന് താലൂക്കിന്റെ പ്രസിഡന്റായി ശ്രീ ജോർജ് വടക്കേൽ, വൈസ് പ്രസിഡന്റ് ശ്രീ ജോജോ പ്ലാത്തോട്ടം, സെക്രട്ടറി ശ്രീ ജോസ് കിഴവള്ളിൽ, ട്രഷറർ ജോഷി ജോർജ് ചാലിൽ തുടങ്ങിയവരെ തിരഞ്ഞെടുത്തു. അരുവിത്തുറ കേന്ദ്രമാക്കി കാർഷികവിളകളുടെ വിപുലമായ വില്പന നടത്തുവാനും അതുവഴി, കർഷകർക്ക് ഉത്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനും വിഷരഹിതവും മായവും കലരാത്ത കാർഷികോത്പന്നങ്ങൾ ആളുകൾക്കു വാങ്ങാനും ക്രമീകരണങ്ങൾ ചെയ്തു. കർഷകരുടെ ആവശ്യങ്ങൾക്കുവേണ്ടി ഇൻഫാമിന്റെ ശക്തമായ മുന്നേറ്റം ആവശ്യമാണെന്നു യോഗം വിലയിരുത്തി. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് കെ.കെ. ജോസ്, സെക്രട്ടറി തോമസ് മറ്റം തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. തോമസ് പുല്ലാട്ട്

തീക്കോയി സെന്റ് മേരിസ് ഫൊറോനയിൽ ചാണ്ടിയുടെയും ത്രേസ്യായുടെയും 9 മക്കളിൽ ഒരാളായി 1954 ഒക്ടോബർ 7-ാം തീയതി തോമസ് പുല്ലാട്ട് ജനിച്ചു.

സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിനുശേഷം രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം തത്ത്വശാസ്ത്ര പഠനത്തിനായി ആലുവ പൊന്തിഫിക്കൽ മേജർ സെമിനാരി, ദൈവശാസ്ത്രപഠനത്തിനായി വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരി എന്നിവിടങ്ങളിലേക്ക് അയയ്ക്കപ്പെട്ടു. 1985 ജനുവരി 3-ാം തീയതി മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്ന് വൈദിക പട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം പ്രവിത്താനം, കൂട്ടിക്കൽ, മുട്ടുചിറ എന്നീ പള്ളികളിൽ സഹവികാരിയായി നിയമിതനായി. തുടർന്ന്, എടാട്, പാലാക്കാട്, തിരുമാറാടി, പൂവക്കുളം, വെള്ളിയാമറ്റം, മാനത്തൂർ പള്ളികളിൽ വികാരിയായി ശുശ്രൂഷാപൗരോഹിത്യം നിർവഹിച്ചു. 2019-2023 കാലഘട്ടത്തിൽ തുടങ്ങനാട് സെന്റ് തോമസ് ഫൊറോനയുടെ വികാരിയായി ശുശ്രൂഷ ചെയ്തുവരവേ, ആരോഗ്യസംബന്ധമായ ബുദ്ധിമുട്ടുകളാൽ ചേർപ്പുങ്കൽ മാർസ്ലീവാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അച്ചൻ 2023 നവംബർ 10 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട തോമസ് പുല്ലാട്ടച്ചന്റെ ഭൗതികശരീരം 2023 നവംബർ 13-ാം തീയതി രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ മുഖ്യകാർമികത്വത്തിൽ തീക്കോയി സെന്റ് മേരിസ് ഫൊറോന ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു. വിശുദ്ധ കുർ ബാനമധ്യേ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തോമസച്ചനെക്കുറിച്ച് പങ്കുവച്ച ചിന്ത ഇപ്രകാരമായിരുന്നു: "പുല്ലാട്ടച്ചൻ സംഗീതത്തിന്റെ - സുറിയാനിഗീതത്തിന്റെ വക്താവായിരുന്നു. കുർബാനയുടെ താളം അതിലൂടെ നിലനിർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ദൈവാരാധന ആന്തരികമായിട്ടും ബാഹ്യമായിട്ടും ഏറ്റവും മാതൃകാപരമായ രീതിയിൽ അനുഷ്ഠിച്ചിരുന്ന വ്യക്തിയായിരുന്നു അച്ചൻ. ദൈവാരാധനയിൽ നല്ല നിഷ്ഠയുള്ള വ്യക്തിത്വം. ഓരോ പള്ളിയിലെയും അച്ചന്റെ ശുശ്രൂഷകൾ ജനങ്ങളുടെ ഹൃദയത്തിലായിരുന്നു ആലേഖനം ചെയ്യപ്പെട്ടത്." മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട തോമസച്ചനെ ജീവന്റെ കിരീടം അണിയിക്കട്ടെ.



## സി. റോസിലിൻ സി.എം.സി.

പാലാ രൂപത രത്നഗിരി പള്ളി ഇടവക കൈമറ്റം കുടുംബത്തിൽ മാത്യു-ഏലിയാമ്മ ദമ്പതികളുടെ ആറു മക്കളിൽ നാലാമത്തെ സന്താനമായി 1935 മാർച്ച് 10-ാം തീയതി സി. റോസിലിൻ ജനിച്ചു. മാമ്മോദീസായിൽ ഏലി എന്നു പേര് സ്വീകരിച്ചു. 15-ാമത്തെ വയസ്സിൽ കാർമ്മലിൽ പ്രവേശിച്ച അമ്മ 1962 ഏപ്രിൽ 23 ന് ആദ്യവ്രതവും 1966 മേയ് 26 നു നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ സ്വന്തമായി.

പ്രഥമവ്രതവാഗ്ദാനത്തിനുശേഷം കൊട്ടിയത്ത് നേഴ്സിംഗ് പഠനം പൂർത്തിയാക്കി റാണിഗിരി, ഭീമാരാം, ഉണ്ടരാജപുരം, ചെറുപുഷ്പം എന്നീ മഠങ്ങളിൽ താമസിച്ച് തന്റെ ശുശ്രൂഷ നിർവ്വഹിച്ചു. പിന്നീടുള്ള വർഷങ്ങളിൽ മൂന്നാനി, മുട്ടുചിറ മഠങ്ങളിൽ വിശ്രമജീവിതം നയിച്ചു. വി. കുർബാനയോടും പരിശുദ്ധ അമ്മയോടും ഏറെ സ്നേഹമുണ്ടായിരുന്ന അമ്മ അധികസമയവും ജപമാല കരങ്ങളിലേന്തി സക്രാരിയുടെ കാവൽക്കാരിയായി ദിവ്യകാരുണ്യസവിധേ നിലയുറപ്പിച്ചിരുന്നു. പാവങ്ങളോടും രോഗികളോടും കരുതലും കരുണാർദ്രസ്നേഹവും അമ്മ പ്രകടിപ്പിച്ചിരുന്നു. ഹൃദ്യമായ ഇടപെടലിലൂടെ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ സ്നേഹസാന്ത്വനമാകുവാൻ അമ്മയ്ക്കു കഴിഞ്ഞിരുന്നു.

ഒരു മാസമായി ശയ്യാവലംബിയായിരുന്ന അമ്മ രോഗം വർദ്ധിച്ചതിനാൽ മുട്ടുചിറ റൂഹാദ്ക്കുദ്ശാ ഫൊറോനാപ്പള്ളി അസി. വികാരി ഫാ. ജോസഫ് ചെങ്ങഴശ്ശേരിയിൽനിന്ന് രോഗീലേപനം സ്വീകരിച്ചു. 2013 ആഗസ്റ്റ് 4 ആദ്യശനിയാഴ്ച പുലർച്ചെ 2.40 ന് സമൂഹാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ കർമ്മലയുടെ ഈ വത്സല പുത്രി തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു. പിറ്റേദിവസം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രണ്ടു മണിക്ക് ബഹുമാനപ്പെട്ട ഫാ. ആന്റണി പാട്ടത്തിൽ, ഫാ. ജോബി മുതിരക്കാലായിൽ, ഫാ. ജോയ്സ് മുതിരക്കാലായിൽ എന്നിവർ അർപ്പിച്ച പരിശുദ്ധ ബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ മഠം ചാപ്പലിൽ ആരംഭിച്ചു. തുടർന്ന് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ മുട്ടുചിറ ഫൊറോനാപ്പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.




## NOVEMBER 2023

| | | |
|---|---|---|
| 01 | 11.00 am | പാലാ കുരിശുപള്ളിക്കവലയിൽ ഡി.സി.എം.എസി ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഉപവാസധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 2.30 pm | ബിഷപ്സ് ഹൗസിൽ രൂപതയിലെ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ സംസാരിച്ചു. |
| 02 | 6. 30 am | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 10.00 am | പാലാ സെന്റ് തോമസ് സ്കൂളിൽ കെ.സി.എസ്. എൽ ന്റെ ആഭിമുഖ്യത്തിൽ നടത്തിയ ലഹരിക്കെതി രേയുള്ള ബോധവൽക്കരണപരിപാടി ഉദ്ഘാടനം ചെയ്തു. |
| | 11.00 am | മുത്തോലി ഇടവകയിൽ കൂനാനിക്കൽ ശ്രീമതി അന്നമ്മ മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | പാലാ കത്തീഡ്രൽ ഇടവകാംഗം പുരയിടത്തിൽ ശ്രീമതി ഏലിയാമ്മ തോമസിന്റെ ഭൗതികദേഹത്തി നരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | ബിഷപ്ഹൗസിൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളുമായി ചർച്ച നടത്തി. |
| | 7.00 pm | ചങ്ങനാശ്ശേരി വാഴപ്പള്ളി മഠത്തിൽ സീറോമലബാർ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ ജോർജ് ആല ഞ്ചേരിയുടെ സഹോദരി സി. ചെറുപുഷ്പം ആല ഞ്ചേരി എസ്.എ.ബി.എസ്.ന്റെ ഭൗതിക ദേഹത്തിനരി കിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 6.30 am | മാർ അപ്രേം സെമിനാരിയിൽ വിശുദ്ധ കുർബാനയർ പ്പിച്ചു വചനസന്ദേശം നൽകി. |

| | | |
|---|---|---|
| | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഗവേണിംഗ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 04 | 04.30 pm | രാമപുരം ഫൊറോനയിൽ ഇടയനടുത്തസന്ദർശനത്തിന്റെ ഭാഗമായുള്ള സന്ന്യാസഭവനസന്ദർശനത്തിലും പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 05 | 7.45 am | രാമപുരം ഫൊറോനയിൽ ഇടയനടുത്തസന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| 6-10 | | അദിലാബാദ് മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു. |
| 11 | 10.00 am | ഭരണങ്ങാനം പള്ളിയിൽ എഫ്.സി.സി. അരുവിത്തുറ പ്രൊവിൻസിലെ നവസന്ന്യാസികളുടെ പ്രഥമവ്രതവാഗ്ദാനച്ചടങ്ങിൽ വിശുദ്ധ കുർബാനയർപ്പിച്ചു സഭാവസ്ത്രം ആശീർവദിച്ചു നൽകി. |
| | 3.00 pm | പൂവരണി പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 12 | 2.00 pm | രാമപുരം ഫൊറോനയിൽ ആകാശപ്പറവകളുടെ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു. |
| 13 | 10.00 am | തീക്കോയി ഫൊറോനാപ്പള്ളിയിൽ ബഹുമാനപ്പെട്ട തോമസ് പുല്ലാട്ട് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 2. 30 pm | ബിഷപ്സ് ഹൗസിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 5.00 pm | ഇരവിമംഗലം പള്ളിയുടെ നവീകരിക്കപ്പെട്ട മദ്ബഹ ആശീർവദിച്ചു. |
| 14 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 15 | 9.30 am | മുത്തോലപുരം ഇടവകയിൽ ചെമ്പേത്തിൽ ശ്രീ ജോസഫ് മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10. 00 am | ഇലഞ്ഞി ഫൊറോനയിൽ ബഹുമാനപ്പെട്ട കൊച്ചുകൈപ്പെട്ടിയിൽ സിറിയക് അച്ചന്റെ അമ്മ ശ്രീമതി ഏലിയാമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 7.00 pm | കോട്ടയം ഓർത്തഡോക്സ് പഴയ സെമിനാരിയിൽ ഡോക്ടർ സിറിയക് തോമസിനെ ആദരിക്കുന്ന ചടങ്ങിൽ സംബന്ധിച്ചു. |
| 16 | 2.30 pm | ബിഷപ്സ് ഹൗസിൽ അഡ്ഡാർട്ട് മാനേജ്മെന്റ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 17 | 10.00 | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12. 00 pm | ഇളംതോട്ടം ഇടവകയിൽ ബഹുമാനപ്പെട്ട ജോർജ് പ്ലാത്തോട്ടത്തിലച്ചന്റെ സഹോദരൻ ശ്രീ പി.എം. തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.30 pm | പ്രവിത്താനം ഫൊറോനാപ്പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട കൽക്കുരിശ്, മണിമാളിക, രൂപങ്ങൾ തുടങ്ങിയവ ആശീർവദിച്ചു. |
| 18 | 10.00 am | അരുണാപുരം പള്ളിയിൽ എഫ്.സി.സി. പാലാ പ്രൊവിൻസിലെ നവസന്ന്യാസിനികളുടെ പ്രഥമവ്രത വാഗ്ദാനച്ചടങ്ങിൽ വിശുദ്ധ കുർബാനയർപ്പിച്ചു സഭാവസ്ത്രം ആശീർവദിച്ചു നൽകി. |
| | 12. 30 pm | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷങ്ങളിൽ സംബന്ധിച്ചു. |
| | 7.00 pm | അടിവാരം പള്ളിയിൽ ഇടയനടുത്തസന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാല പ്രാർത്ഥനയിലും സംബന്ധിച്ചു. |
| 19 | 8.00 am | അടിവാരം പള്ളിയിൽ ഇടയനടുത്തസന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനവും തുടർന്നു പള്ളിയോഗവും നടത്തി. |
| | 2. 30 pm | ബിഷപ്സ് ഹൗസിൽ ഒരു കുട്ടിയെ എഴുത്തിനിരുത്തി അനുഗ്രഹിച്ചു. |
| | 3.00 pm | പാലാ കത്തീഡ്രൽ ഇടവകാംഗവും ഗുവഹാത്തി മുൻ ആർച്ചു ബിഷപ് തോമസ് മേനാപറമ്പിൽ പിതാവിന്റെ സഹോദരനുമായ ശ്രീ മാത്തച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 4.30 pm | കടുത്തുരുത്തി ഫൊറോനയിൽ ഹോം പാലാ പ്രോജക്റ്റും വിവിധ ഭക്തസംഘടനകളുംചേർന്ന് നിർമ്മിച്ച അഞ്ചു ഭവനങ്ങൾ ആശീർവദിച്ചു. തുടർന്ന് ഇടവകദിനത്തിൽ സന്ദേശം നൽകി സമ്മാനങ്ങൾ വിതരണം ചെയ്തു. പുതുതായി നിർമ്മിക്കപ്പെടുന്ന പാരിഷ് ഹോളിന്റെ ശിലാവെഞ്ചരിപ്പു നടത്തി. |
| 20 | 4.30 pm | തീക്കോയി ഫൊറോനയിൽ ഹോം പാലാ പ്രോജക്റ്റും പാലാ ഇവാഞ്ചലൈസേഷനും സംയുക്തമായി നിർമ്മിച്ച ഭവനം വെഞ്ചരിച്ചു. |
| 21 | 6.45 am | പാലാ കത്തീഡ്രലിൽ രൂപതയുടെ പ്രഥമമെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ വേർപാടിന്റെ 37-ാം വാർഷികദിനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് കബറിടത്തിൽ പ്രാർത്ഥന നടത്തി. |
| | 9.00 am | ബിഷപ്സ് ഹൗസിൽ കോലഞ്ചേരി സ്വദേശി ഊട്ടുപുരയ്ക്കൽ ശ്രീ ജോജി വർഗീസിന്റെ 'ജീവസമൃദ്ധി' പദ്ധതിയുടെ നൂറാമത് വിതരണോദ്ഘാടനത്തിൽ സംബന്ധിച്ചു. |
| 21-23 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും പാലാ സെന്റ് തോമസ് കോളേജ് ബിഷപ് വയലിൽ ഹാളിലുമായി നടത്തപ്പെട്ട മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിക്ക് നേതൃത്വം നൽകി. |
| 24 | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | കാഞ്ഞിരമറ്റം ഇടവകാംഗവും എസ്.എ.ബി.എസ്. സന്ന്യാസിനീസമൂഹത്തിന്റെ ജനറാളമ്മയുമായിരുന്ന ബഹുമാനപ്പെട്ട ഇഞ്ചിക്കാലായിൽ സ്റ്റെല്ല മാരിസ് എസ്.എ.ബി.എസിന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് നെല്ലിയാനി മഠം ചാപ്പലിൽ മുഖ്യകാർമികത്വം നൽകി. |
| | 2.30 pm | ഭരണങ്ങാനം ഫൊറോനയിൽ ഒഴുക്കിൽപ്പെട്ടു മരണമടഞ്ഞ പടിഞ്ഞാറേ പൊരിയത്ത് ഹെലന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 9.00 pm | ദീപികഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 25 | 10.00 am | പാലാ ളാലം പുത്തൻപള്ളി ഇടവകയിൽ തണ്ണിപ്പാറ ശ്രീ ടി.സി. അലക്സാണ്ടറിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 11.00 am | പ്രവിത്താനം എം.കെ.എം. ഹോസ്പിറ്റലിന്റെ സുവർണ ജൂബിലിയാഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. |
| | 2.00 pm | ബിഷപ്സ് ഹൗസിൽ രൂപതാകൺവൻഷനൊരുക്ക മായ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 3.30 pm | കടുത്തുരുത്തി ഫൊറോനയിൽ മമ്പള്ളിത്തടത്തിൽ ശ്രീമതി എൽസമ്മ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു ദൈവാലയത്തിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. |
| | 6.45 pm | പാദുവ പള്ളിയിൽ ഇടയനടുത്തസന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാല പ്രാർത്ഥനയിലും സംബന്ധിച്ചു. |
| 26 | 7.45 am | പാദുവ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനവും തുടർന്നു പള്ളിയോഗവും നടത്തി. |
| | 1. 15 pm | പാലാ സെന്റ് വിൻസെന്റ് സി.എം.ഐ. ആശ്രമ ത്തിൽ ബഹുമാനപ്പെട്ട ഫിലിപ്പ് തുരുത്തിമറ്റം സി.എം. ഐ. അച്ചന്റ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 2.00 pm | ചക്കാമ്പുഴ ഇടവകയിൽ കട്ടക്കയം ശ്രീമതി ഏലി ക്കുട്ടി മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5.00 pm | പൂവക്കുളം ഇടവകയിൽ പുതുതായി നിർമ്മിക്കപ്പെട്ട ഓഡിറ്റോറിയം വെഞ്ചരിച്ചു. |
| 27 | 11.00 am | രാമപുരം ഫൊറോനയിൽ ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി, വിവിധ ഭക്തസംഘടനകളുടെ നേതൃ ത്വത്തിൽ നിർമ്മിച്ച അഞ്ചു ഭവനങ്ങളുടെ വെഞ്ചരിപ്പു കർമ്മം നടത്തി. |
| 28 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.00 pm | ബിഷപ്സ് ഹൗസിൽ, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നടക്കുന്ന വിദ്യാദർശൻ യാത്രയ്ക്കു സ്വീകരണം നൽകി. |
| | 3.30 pm | കൈപ്പള്ളി ഇടവകയിൽ ഹോം പാലാ പ്രോജക്റ്റു മായി ബന്ധപ്പെട്ടു നിർമ്മിക്കപ്പെട്ട ഭവനം വെഞ്ചരിച്ചു. |

| | | |
|---|---|---|
| | 8.00 pm | ബിഷപ്പ്സ് ഹൗസിൽ, ഈ വർഷം പൗരോഹിത്യ ത്തിന്റെ സുവർണ - രജതജൂബിലി ആഘോഷിക്കുന്ന വരുടെ കൂടിച്ചേരലിൽ ആശംസകൾ അർപ്പിച്ചു. |
| 29 | 6.00 am | ബിഷപ്പ്സ് ഹൗസിൽ, ഈ വർഷം പൗരോഹിത്യ ത്തിന്റെ സുവർണ - രജത ജൂബിലി ആഘോഷിക്കു ന്നവർക്കൊപ്പം വിശുദ്ധ കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. |
| | 11.30 am | ഭരണങ്ങാനം അൽഫോൻസാ ഷ്റൈനിൽ വോളണ്ടി യേഴ്സുമാർക്കുള്ള മീറ്റിങ്ങിൽ സംസാരിച്ചു. |
| | 2.00 pm | മുണ്ടാങ്കൽ ഇടവകയിൽ ബഹുമാനപ്പെട്ട കുര്യൻ വെള്ളരിങ്ങാട്ടച്ചന്റെ സഹോദരൻ വെള്ളരിങ്ങാട്ട് ശ്രീ ചാക്കോച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവന ത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 4.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ രൂപത യുടെ 41-ാമത് ബൈബിൾ കൺവൻഷനുള്ള പന്ത ലിന്റെ കാൽനാട്ടുകർമ്മപ്രാർത്ഥനയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. |
| | 7.30 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ച് ബഹുമാനപ്പെട്ട അച്ചന്മാർക്ക് ക്രിസ്തുമസ് ആശംസ കളും സമ്മാനവും നൽകി. |
| 30 | 12.30 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിലെ ബഹുമാനപ്പെട്ട അച്ചന്മാരെ സന്ദർശിച്ചു. |
| | 2.30 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ച് ബഹുമാ നപ്പെട്ട അച്ചന്മാർക്ക് ക്രിസ്തുമസ് ആശംസകളും സമ്മാനവും നൽകി. |
| | 1. 30 pm | കുറവിലങ്ങാട് ക്ലാരമഠത്തിൽ ബഹുമാനപ്പെട്ട തോമസ് വേങ്ങയിൽ അച്ചന്റെ സഹോദരി സി. അസല്ല മേരി സി.എം.സിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 4.30 pm | മണ്ണാറപ്പാറ ഇടവകയിൽ തിരുനാളിനൊരുക്കമായി കൊടിയേറ്റൽകർമ്മവും, വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശവും നടത്തി. |



ഇടയനടുത്ത സന്ദർശനത്തിൽനിന്ന് അടിവാരം ഇടവക



ഇടയനടുത്ത സന്ദർശനത്തിൽനിന്ന് പാദുവ ഇടവക



ഇടയനടുത്ത സന്ദർശനത്തിൽനിന്ന് രാമപുരം ഇടവക

2023
DECEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. John Pakkarampel